# പട്ടം പോലെ



2018-19

സെൻറ് ജോൺസ് ഹൈസ്കൂൾ
ഇരവിപുരം

little KITEs

# ST.JOHN'S HIGH SCHOOL

## ERAVIPURAM

*School code-41079*


*e-mail id* *41079kollam@gmail.com* *Ph no 0474 2727857*

## സന്ദേശം


പഠനത്തിനപ്പുറം, ഭാവനകളും സ്വപ്നങ്ങളും നൈർമല്യഭാഷയിലൂടെ ഈ കാലഘട്ടത്തിനു അനുയോജ്യമായി ഡിജിറ്റലായി തന്നെ അവതരിപ്പിക്കുന്ന ലിറ്റിൽ കൈറ്റ്സ് പ്രതിഭകൾ ഇനിയും ഉണ്ടാകട്ടെ. ഇവർ വർണക്കടലാസിൽ തീർത്ത പട്ടം പോലെ ഉയർന്നു പറക്കട്ടെ.

**ബേസിൽ നെറ്റാർ പി**

**ഹെഡ്‌മാസ്റ്റർ**



# സന്ദേശം



☎ 2729973

**St. John The Baptist Church**

ERAVIPURAM, KOLLAM - 691 011, KERALA, INDIA

Date 19/1/2019

പ്രിയ വിദ്യാർത്ഥികളേ, ഇത്രയും കാലം അറിവുകളും കഴിവുകളുമാകുന്ന പ്യൂപ്പയ്ക്കു-ള്ളിലായിരുന്ന നിങ്ങൾ ഇപ്പോൾ വർണ്ണ ചിറകു-കൾ വിടർത്തി പട്ടം പോലെ പറന്നുയരുകയാണ്. സമൂഹത്തിന് നന്മകളാകുന്ന പൂമ്പൊടി വിതറി കൂടുതൽ ഉയരത്തിലേക്ക് പറന്നുയരുവാൻ നിങ്ങളെ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

ST. JOHN THE BAPTIST CHURCH ERAVIPURAM KOLLAM

Fr. [illegible]

REDMI NOTE 5 PRO
MI DUAL CAMERA

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ** ബേസിൽ നെറ്റാർ പി (ഹെഡ്മാസ്റ്റർ)

**സ്റ്റാഫ് എഡിറ്റർ** മാനസി എസ് സ്റ്റാലിൻ( കൈറ്റ് മിസ്ട്രസ്)

**സ്റ്റുഡന്റ് എഡിറ്റർ** സന്ദ്ര ജെ (ലിറ്റിൽ കൈറ്റ് ലീഡർ)

**പത്രാധിപ സമിതി അംഗങ്ങൾ-**

മാൽക്കം വർഗ്ഗീസ് (പി.റ്റ.എ പ്രസിഡന്റ്)

ഷീല മേരി ജെ (എസ് ആർ ജി കൺവീനർ)

ആനി മേരി കെ ഇ (വിദ്യാരംഗം കൺവീനർ)

നൊറീൻമേരി ( കൈറ്റ് മിസ്ട്രസ്)

അഭിഷേക് ബി (സ്ക്രൂൾ ലീഡർ)

ആൻറണി ജോസഫ് (ലിറ്റിൽ കൈറ്റ്സ് ലീഡർ)

അഭിരാമി ജെ (ലിറ്റിൽ കൈറ്റ്സ് അംഗം )

നയന ഫ്രാൻസിസ് (ലിറ്റിൽ കൈറ്റ്സ് അംഗം)

ശരണ്യ ദാസ് (ലിറ്റിൽ കൈറ്റ്സ് അംഗം)

**കവർ പേജ്** അഭിരാമി ജെ (ലിറ്റിൽ കൈറ്റ്സ് അംഗം )




## എഡിറ്റോറിയൽ ബോർഡ്



## എഡിറ്റോറിയൽ

ഇരവിപുരം ഗ്രാമത്തിന്റെ സാമൂഹിക വിദ്യാഭ്യാസ പുരോഗതിക്കായി തലയുയർത്തി നിൽക്കുന്ന സെന്റ് ജോൺസ് കുടുബത്തിന്റ് സന്തോഷങ്ങളും പരിഭവങ്ങളും നേട്ടങ്ങളും കുരുന്നുപ്രതിഭകളുടെ സൃഷ്ടിയായി ഞങ്ങൾ അവതരിപ്പിക്കുന്നു. ഭാവനകൾ, സ്വപ്നങ്ങൾ, നേട്ടങ്ങൾ, ഇവ കഥകളായും, ലേഖനങ്ങളായും, ചിത്രങ്ങളായും, കവിതകളായും പങ്കുവെക്കുന്നു. നാടിനുവേണ്ടി ത്യാഗോജ്വലമായ പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച വ്യക്തിത്വങ്ങൾക്കായി സമർപ്പിക്കുന്നു. സർഗ്ഗാത്മക പ്രതിഭകളുടെ തുറന്ന ചിത്രം പട്ടം പോലെ പറന്നുയരാനായി ഇതാ വിട്ടു തരുന്നു. വിശകലനങ്ങളും വിമർശനങ്ങളും സ്വാഗതം ചെയ്യുന്നു................

**സ്റ്റാഫ് എഡിറ്റർ**

## ഉള്ളടക്കം

....................9

....................9

അമ്മ....................9

എന്റെ ഗ്രാമം....................11

കുറുക്കന്റെ കല്യാണം....................12

മഴവില്ല്....................13

മഴവില്ല്....................15

തീവണ്ടി....................16

വീണ്ടുമൊരു പുലരി....................17

നരൻ....................20

പൂമ്പാറ്റ....................22

തേന്മാവ്....................24

കേരള നാട്....................25

*അമ്മ....................27*

നന്മ....................28

അനാഥന്റെ ത്യാഗം....................30

ഓർമ്മയുടെ ജാലകം....................31

ഒപ്പം..................................................34
ടോംസൺ കയറിയ പെട്ടി..................................................40
*കടുവയെ കുരങ്ങൻ പഠിപ്പിച്ച പാഠം*..................................................42
കിട്ടപ്പയുടെ കഴുത..................................................43
..................................................44
ഐക്യമത്യം മഹാബലം..................................................44
താൻ കുഴിച്ച കുഴി..................................................45
മാധ്യമങ്ങൾ യുവതലമുറയിൽ..................................................47
മാതൃഭാഷ മറക്കരുതെ !..................................................48
ലഹരിയുടെ വിപത്തുകൾ..................................................49
അലമാര മുതൽ വരാന്ത വരെ..................................................51
മലയാളം വിക്കി @ 60000..................................................53
നവകേരളം എൻെറ ഭാവനയിൽ..................................................55
റേന്ത _ കൈയിൽ വിരിയുന്ന കലാവിരുന്ന്..................................................58
ക്യാമറ ഒരു അനുഭവക്കുറിപ്പ്..................................................61
*ഞാൻ സ്പീക്കർ ആയപ്പോൾ*..................................................63
ചില പ്ലാസ്റ്റിക്ക് വിശേഷങ്ങൾ..................................................64
ആലപ്പാടിന്റെ ഭാവി..................................................66
ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്..................................................69

ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബിന്റെ ഉദ്ഘാടനം.....70
മാതൃ സംഗമം.....71
ലിറ്റിൽ കൈറ്റ്സ് ഏകദിന വിദഗ്ധ പരിശീലനം.....71
സ്കൂൾ ഡിജിറ്റൽമാഗസിൻ പത്രാധിപസമിതി രൂപീകരണയോഗം.....73
സ്ഥിരം ക്ലാസ്.....73
മലയാളം വിക്കി @ 60000.....74
ക്യാമറ ഒരു അനുഭവം.....74
തീരദേശ സൈന്യം.....76
കടങ്കഥ ക്വിസ്.....78
പഴഞ്ചൊല്ലുകൾ.....79

# കവിതകൾ

# അമ്മ

താരാട്ടിൻ ഈണമായി

വന്ന സ്നേഹസാഗരമേ

അമ്മിഞ്ഞപ്പാലിൽ

നറുമണമേകിയെന്നെ

തലോടിയുറക്കിടും

അമ്മതൻ സ്നേഹം

ഓർമ്മവച്ച നാൾ മുതൽ

ഓർമ്മയിൽ മായാതെ നിന്നു

താലോലം പാടി

വാത്സല്യം ഇകി

സ്നേഹത്തിൻ മാധുര്യമേകി

വളർത്തിയെന്നമ്മ

സ്നേഹത്തിൻ ദീപമാണെന്നമ്മ

നിത്യ സ്നേഹമേ നന്ദി.




സന ജെ 9C

# എന്റെ ഗ്രാമം

എത്ര മനോഹരമെന്റെ  ഗ്രാമം
വൃക്ഷങ്ങൾ പൂവിട്ടു നിൽക്കും ഗ്രാമം
കേരവൃന്ദങ്ങൾ തൻ കാവ്യഭൂമി
പാരിൽ മനോഹരമെന്റെ  ഗ്രാമം

സാഗരതീരത്തെ ശാന്ത ഗ്രാമം
ഭാരതഭൂവിനഭിമാന ഭാജനം
മറ്റെങ്ങുമില്ലാത്ത പുണ്യകഥകൾ തൻ
ഭൂമികയാണെമെന്റെ  രമ്യ ഗ്രാമം

**ജിസ്ന ജെ 9C**

# കുറുക്കൻെറ കല്യാണം

വെയിലും മഴയും വന്നല്ലോ
കൊച്ചു കുറുക്കന് കല്യാണം
കത്തുകൊടുത്തു കുഞ്ഞാറ്റ
കൂകി വിളിച്ചു കാക്കമ്മ
പന്തലുകെട്ടി കഴുതച്ചാര്
സദ്യയൊരുക്കി കുരങ്ങച്ചൻ
കുയിലുകൾ പാടി,മയിലുകളാടി
തരികിട മേളം കെങ്കേമം
പന്തലിനുള്ളിൽ കുരവയുയർന്നു
ഗമയോടെത്തി കുറുക്കച്ചൻ
സൂട്ടും കോട്ടും കൂളിംഗ് ഗ്ലാസും
വച്ചൊരു കൊച്ചുകുറുക്കച്ചൻ
പൊന്നും മിന്നും സാരിയുടുത്ത്
ഒളികണ്ണിട്ടാ ചെക്കനെ നോക്കി
നാണിച്ചങ്ങനെ നിൽപ്പായി
സുന്ദരിയായൊരു പുതുപ്പെണ്ണ്.



**സന ജെ 9c**

# മഴവില്ല്



ഏഴു വർണമുള്ള പാവാട-

യണിഞ്ഞ സുന്ദരി

ആകാശ ഗോപുരമുറ്റത്ത്

ആരെയോ കാത്തുനിന്നല്ലോ!

കാർമേഘമിരുണ്ട് മൂടിയിട്ടും

കൊള്ളിയാൻ മിന്നി മറഞ്ഞിട്ടും

കാത്തൊരു തോഴനാം മാരി-

യവൻനെത്താഞ്ഞിട്ടോ-

മഴവില്ലാം സുന്ദരിയവൾ

മാഞ്ഞെങ്ങോ പോയല്ലോ!

**നൗഫൽ എൻ 9C**

## മഴവില്ല്

മലയുടെ മുകളിൽ കാണും വില്ലേ

മാനത്തുള്ളൊരു മഴവില്ലേ

ഏഴുനിറത്തിൽ വിലസും വില്ലേ

നീയൊരു പെണ്ണായെങ്കിൽ

നീയൊരു സുന്ദരിയായേനെ

നീയൊരു കിളിയായെങ്കിൽ

നീയൊരു വിസ്മയലോകം തീർത്തേനെ

നീയൊരു കാറ്റായെങ്കിൽ

എൻ മനസ്സിൽ തഴുകിയേനെ

നീയൊരു പൂവായെങ്കിൽ

ഞാനാ തേൻ നുകർന്ന്

മഴവില്ലിൻ വസന്തം തീർത്തേനെ.

**ഫാത്തിമ എസ് 9C**



# തീവണ്ടി

ചൂളമടിച്ചു വരുന്നുണ്ടേ
ചീറിപ്പാഞ്ഞു വരുന്നുണ്ടേ
പുകയും തുപ്പി വരുന്നുണ്ടേ
വലിയൊരു വണ്ടി തീവണ്ടി
എന്തൊരു വേഗത ഹാ ഹാഹാ
എന്തൊരു നീളം അമ്പമ്പോ
ആളുകളെത്രയുമായാലും
കയറിപ്പറ്റാനിടമുണ്ടേ!




പാളത്തിൻ മേലൂടല്ലോ
പാഞ്ഞുവരുന്ന തീവണ്ടി
പാളം തെറ്റിമറിഞ്ഞെന്നാൽ
എന്തു ഭയങ്കരമയ്യയ്യോ!

**ആന്റണി ജോസഫ് 9A**

# വീണ്ടുമൊരു പുലരി

വർണ്ണങ്ങൾ വാരിവിതരി

പുലരി വന്നണയുന്നു

പോയ ദിനത്തിൻ ദുഃഖസ്മരണകൾ

നിൻ മന്ദഹാസത്തിലലിഞ്ഞപോയ്

എൻ അകതാരിൽ പ്രത്യാശകൾ നിറച്ചുനീ

ദുഃഖങ്ങളൊക്കെയും നീയൊളിപ്പിച്ചു

പ്രപഞ്ചത്തിനാകെ പുതുജീവൻ

പകർന്നുനീ

കിളികൊഞ്ചലുകൾ  കേട്ടു നീ വന്നു

പൊൻസൂര്യകിരണങ്ങളാൽ മാലചാർത്തി

ജീവജാലങ്ങളിൽ പുതുജീവൻ പകർന്നുനീ

മടക്കയാത്രയിൽ തേങ്ങലായ് മാറുന്നു

നാളെയുടെ പൊൻകിരണങ്ങൾ അണിയിക്കാൻ

പുലർക്കാലമെ നീ വീണ്ടും പ്രകാശമായ്

എൻ അകതാരിൽ നിറയൂ.   ജനുവരി മനോഹരി

January 2019

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 | | |

സെന്റ് ജോൺസ് കൈറ്റ്സ്

തിരശ്ശീല വീഴുന്നു

തിരയുന്ന താളുകൾ

കലണ്ടറിൻ പേജിലും

കാലത്തിൻ കരത്തിലും

ജനുവരി വീണ്ടും വരികയായ്!

പോയൊരാണ്ടെന്നിലേല്പ്പിച്ച മുറിവുകൾ

ആർദ്രമെൻ ഹൃത്തിൽ നീറ്റുമോർമകൾ

ഒക്കെയും ഭദ്രമൊരുകുടത്തിനുള്ളിലാക്കി

ഗംഗതൻ മാറിൽ നിമജ്ജനം ചെയ്തുനിൽക്കെ!

തിരശ്ശീല വീഴുന്നു

തിരയുന്ന താളുകൾ

പുതുവത്സരാശംസാ ഗാനവുമായിതാ

ജനുവരി വീണ്ടും വരികയായ്

പുതുമയുമായി മാനവൻ

പുതുമേച്ചിൽ പുറം തേടി



*അതിമോഹിയായവൻ*

*ആപത്തിലജ്ഞനായ്*

*ഉയരങ്ങൾ തേടുന്ന*

*ജനവരി വീണ്ടും വരികയായ്!*

*ഈപ്പുതുവർഷത്തിൽ*

*എൻ ഹൃത്തിൽ ഞാൻ പാകിയ*

*സ്വപ്നത്തിൽ വിത്തെല്ലാം*

*മുളപ്പൊട്ടി വളരുവാൻ*


*ഇതൽവീശി വിരിയുവാൻ*

*ഈ ലോകശക്തികൾ*

*എൻക്കൂടെയുണ്ടാകാൻ*

*പ്രതീക്ഷയോടിതാ......ഞാൻ*

*കാത്തിരിപ്പൂ*



*ഈ പുതുവർഷത്തിൽ*

*പുത്തൻ പ്രതീക്ഷയുമായി*

*ജനവരി വീണ്ടും വരികയായ്........* ***സനു ജെ 9c***

# നരൻ

ഞാനാണ് കേമൻ

ഞാനാണ് ആഢ്യൻ

ഞാനാണ് വിദ്യൻ

ഞാൻ തന്നെ സർവ്വസ്വവും

എന്നും ധരിക്കും മർത്യം

നിൻെറ ആയിസ്സിന്നൊടുവിൽ

വിരുന്നു കാരനായെത്തും

മൃതിയുടെ മുമ്പിൽ നീ

ഒന്നുമല്ലാതായി തീരുന്നു

നിൻ ഭ്രതമൊന്നു നോക്കും മുമ്പേ

നിന്നഥിതിയോടൊപ്പം

*നീയും പുറപ്പെടുകയായി.*

*വിമല എ (അദ്ധ്യാപിക)*


## പൂമ്പാറ്റ

പൂമ്പാറ്റേ പൂമ്പാറ്റേ
അഴകേറുന്നൊരു പൂമ്പാറ്റേ
മഴവിൽപോലീ വർണമയം
ആരുനിനക്കേകി?

പൂമ്പാറ്റേ പൂമ്പാറ്റേ
പാറിനടക്കും പൂമ്പാറ്റേ
ലോകത്തെങ്ങും പാറിനടക്കാൻ
വർണച്ചിറകുകളാരേകി?

പൂമ്പാറ്റേ പൂമ്പാറ്റേ
തേൻനുകരുന്നൊരു പൂമ്പാറ്റേ
പാറിനടന്ന് തേൻനുകരും
സൗഭാഗ്യങ്ങളാരേകി?

പൂക്കൾതോറും പാറിനടന്ന്



തേൻനുകരുന്നൊരു പൂമ്പാറ്റേ
പൂക്കൾ തന്നുടെ തോഴിയായ്
പാറിനടക്കും പൂമ്പാറ്റേ.

പൂമ്പാറ്റേ പൂമ്പാറ്റേ
വർണ്ണച്ചിറകിൻ ഉടമസ്ഥേ
പാറിനടന്ന് ലോകം ചുറ്റം-നല്ലൊരു
ലോകസഞ്ചാരി നീയേ!

പൂമ്പാറ്റേ പൂമ്പാറ്റേ
മഴവിൽ വർണ്ണച്ചിറകുകളാൽ
അഴകേറുന്നൊരു പൂമ്പാറ്റേ
മധുനിറയും മലരുകളിൽ
മധുനുകരാൻ നീയെത്തില്ലേ?

**സാന്ദ്ര സിൽവസ്റ്റർ 8B**



## തേന്മാവ്

മാമ്പഴം വീഴുന്ന കാലമായി
മാഞ്ചോട്ടിൽ കുഞ്ഞുങ്ങൾ കൂട്ടമായി
കാറ്റൊന്നുവീശിയാൽ ഭാഗ്യമായി
മാമ്പഴം കിട്ടാനോട്ടമായി

അപ്പൂപ്പൻ നട്ടൊരു തൈമാവ്
അമ്മൂമ്മ വെള്ളമൊഴിച്ചതാണേ
അമ്മ പണ്ടിങ്ങ് കളിച്ചതാണേ!
മാമ്പഴമെത്രയോ തിന്നതാണേ!
വെയിലത്തുപന്തലായ് നിന്നതും നീ
അരികത്തു തേൻപഴം തന്നതും നീ
ഇനിയത്രകാലവും നിൽക്കണേ നീ
കനിവിന്റെ കനിയെന്നും
നൽകണെന്നീ.

**നന്ദു വി 9E**



# കേരള നാട്..

കേളികെട്ടുണരും ഈ നാട്,

നിത്യമനോഹര കേരളനാട്..

ഹരിതസുഗന്ധം നിറഞ്ഞൊരു നാട്

എത്ര മനോഹരിയാണെൻ നാട്

സുഗന്ധനിറങ്ങൾ നിറഞ്ഞരുനാട്

ഇത്ര മനോഹരിയെവിടെകാണൻ

ഇതാണ് നമ്മുടെ കേരളനാട്

പ്രകൃതിയെ ചുട്ടുചുംബനം

കൊണ്ടുണർത്തും നദികൾ

എൻ കേരള നാടിനുമാത്രം.

പ്രകൃതി കനിഞ്ഞ നാടെൻ

കേരള നാട്...................

***കെസിയ വിജയൻ 8C***



## അമ്മ

മറയാത്ത ഓർമ്മയാണമ്മ ,,,

സഹനശക്തിതൻ പര്യയമാണമ്മ

എഴുതിയാൽ തീരാത്ത പുണ്യമാണമ്മ

നല്ല കാലത്തിന്റെ വരദാനമാണമ്മ

അമ്മയാണ് ഗുരു ....................,

കാട്ടിലും മേട്ടിലും അമ്മയുണ്ടെന്നാൽ

പേടിപ്പതെന്തിനു വേണ്ടി.............,

കുഞ്ഞിന്റെ ആദ്യപാഠമാണമ്മ

സത്യമാണമ്മ...., കാലമാണമ്മ....

വീടിന്റെ വിളക്കാണമ്മ...............

സ്നേഹത്തിൻ പൂമരമാണമ്മ...........

ജീവ 8B



## *നന്മ*

*അമ്മിഞ്ഞപ്പാലിനാൽ വാത്സല്യസ്നേഹം*

ഇറ്റിച്ചനല്കിയ നെഞ്ചകം തടവി

നെഞ്ചുപൊട്ടുമാറമ്മ പൊട്ടിക്കരയുന്നു

ഈശ്വരാ കാക്കേണേ നീയെന്നെ!

ചുമച്ചുചുമച്ചു രക്തം ഛർദ്ദിച്ച്

തളർന്നുകിടക്കുന്നു എൻെറയച്ഛൻ

ഒരുനേരത്തെ അന്നത്തിനായ്

കൈനീട്ടിയലയുമെൻ കുഞ്ഞുപെങ്ങൾ!

ഒട്ടിയവയറിൻെറ പശിയകറ്റാനായി

ഒക്കാത്ത പണികൾ ചെയ്യുന്നെന്നനുജൻ

വെറിപൂണ്ട മനുഷ്യാധമന്മാരുടെ

നെറികെട്ട ക്രൂരതയ്ക്കിരയായ ചേച്ചി

ഇരുചക്രവാഹനം വിതച്ചദുരന്തത്താൽ

പ്രജ്ഞയറ്റു കിടക്കുന്ന ജ്യേഷ്ഠൻ,



സെൻറ് ജോൺസ് കൈറ്റ്സ്

ഇതൊക്കെ കണ്ടിട്ടും കേട്ടിട്ടും

കാണാതെ.....കേൾക്കാതെ

പോകുവാനാകുമോ കൂട്ടുകാരേ(2)

രോഗം ദാരിദ്ര്യപീഢകൾ ദുരന്തങ്ങൾ

തകർക്കുന്ന നിത്യമീ അമൂല്യജീവനെ

നിത്യവും നീളുന്ന കരങ്ങൾമുന്നിൽ

അഭയത്തിനായി യാചിക്കും കണ്ണുകൾ

ഇതെക്കെ കണ്ടിട്ടും കേട്ടിട്ടും

കാണാതെ......കേൾക്കാതെ

പോകുവാനാകുമോ കൂട്ടുകാരേ(2)

ഉള്ളിലൂറും നന്മതന്നുറവകൾ

ഇറ്റിക്കാം നമ്മുടെ കരങ്ങളിലൂടെ

മനുജനിലെത്തട്ടെ നിറവായി നിനവായി

നന്മതൻ നിറകുടമായി നമുക്കുമാറാം

കൈകോർക്കുക കൂട്ടരേ നന്മയ്ക്കായി

ഒരു പുത്തൻ പുലരി വിരിയട്ടെ നമ്മിലൂടെ......



*ഷീല ജോർജ് (അദ്ധ്യാപിക)*

# അനാഥന്റെ ത്യാഗം

അനാഥനാണെന്ന കാരണംകൊണ്ട്

ഒറ്റപ്പെടലിൻെ്റ രാഗങ്ങൾ കേൾക്കേണ്ടിവന്ന ബാല്യം

നാം വലിച്ചെറിയുന്ന അന്നത്തിൽ

കൈയ്യിടേണ്ടി വന്ന ബാല്യം.

കഴുകൻമാരുടെ കണ്ണിൽ നിന്നും

ഒളിച്ചുമാറണ്ട അവസ്ഥയിലേക്ക്

കാൽതെറ്റി വീണൊരു ബാല്യം

നാമ്മിന്നു കാണേണ്ടിയിരിക്കുന്ന ഒരനാഥൻെറ ത്യാഗം.

ഇന്ന് നാം കാണേണ്ടയിരുന്നു

ഓർക്കേണ്ടിയിരുന്നു,കേൾക്കേണ്ടിയിരുന്നു

ആ അനാഥൻെറ ത്യാഗം.

അറിവില്ലാത്ത പ്രയം മുതൽക്കേ-

ചൂക്ഷണത്തിൻ അന്ധകാരത്തിൽ കുഴിയുന്ന

പിഞ്ചുബാല്യങ്ങളുടെ വേദന-

നാമിന്നു കാണണം,നാമിന്നു സ്മരിക്കണം

നാമിന്നു കേൾക്കണം ആ അനാഥൻറെ രാഗം

ആ അനാഥൻെറ രാഗമെൻ

ചെവികളെ കൊട്ടിയടക്കുന്നു.

എൻ മിഴികളെ അന്ധനാക്കുന്നു എന്നെ

നാം ഇന്ന് കാണേണ്ടിയിരിക്കുന്നു

നാം ഇന്ന് ഓർക്കേണ്ടിയിരിക്കുന്നു

നാം ഇന്ന് കേൾക്കേണ്ടിയിരിക്കുന്നു

*ഒരനാഥൻെറ ത്യാഗം.*

***സൈന നസിം 6B***

## ഓർമ്മയുടെ ജാലകം

നീലമേഘത്തിൻ നിറഭംഗി നൽകി

വിരിഞ്ഞു നിൽക്കും മഴവില്ലുപോലെ

കലാലയത്തിൻ നിറവും മണവും

കളകളാരവങ്ങളും നൽകി

വിദ്യാലയമെന്ന പൂമരത്തിൽ

വിരിഞ്ഞു നിൽക്കുന്നപൂവാം ഗുരുവും

ആ പൂവിൽ നിറഞ്ഞു തുളുമ്പിയ

വിദ്യയാം തേനും നുകർന്ന്

പാറിപറക്കുന്ന പൂമ്പാറ്റകളാം

ശിഷ്യഗണങ്ങൾ എൻ ചങ്ങാതികൾ!

അക്ഷയമാം അറിവിൻ വെളിച്ചം

പകർന്നു നൽകിയ ഗുരുകൻമാർ

ദീർഘകാലമായി നേടി എടുത്ത

അറിവും പേറി ശിഷ്യന്മാർ

കളിചിരികളാൽ ഓടി നടന്ന

കലാലയ മുറ്റത്ത്

കണ്ണുനീരിൽ പനിനീർപൂക്കൾ

ധാരയായി ഒഴുക്കി

വിടപറഞ്ഞു പോകാൻ

ഒരുങ്ങി നിൽക്കുന്നു

എൻ ചങ്ങാതിക്കൂട്ടം

കളിചിരികളാൽ ഓടിനടന്ന

കലാലയ മുറ്റത്ത്

കണ്ണുനീരിൽ പനിനീർപ്പൂക്കൾ

ധാരയായി ഒഴുക്കി

ഒരുങ്ങി നിൽക്കുന്നു

എൻ ചങ്ങാതിക്കൂട്ടം

ഓരോപാതയിലും വെളിച്ചം വിതറി

നിന്നെ, നിൻ തളിരുകളെ നോക്കി

ഇടനെഞ്ചുപൊട്ടും വേദനയോടെ

വിടപറയാൻ ഒരുങ്ങി നിൽക്കുന്നു

ഗുരുഭൂതരും

വിടപറയും അവർതൻ

കണ്ഠനാളത്തിൻ വിറയാർന്ന ശബ്ദം

എൻ ഹൃത്തിൽ വേദനയായി

നൊമ്പരമായി അലയടിക്കുന്നു

പേറ്റു നോവിൻ വേദന

ക്ഷണികമാം നിമിഷവും

വേർപാടിൻ വേദന

കാലയവനികയ്ക്കപ്പുറവും

നഷ്ടമായ എൻ ബാല്യം തിരിച്ചു നൽകിയ

ഈ ആലയമുറ്റത്തെനോക്കി

ഞാനും നെടുവീർപ്പിടുന്നു

പിരിയുവാനായില്ല എനിക്കു നിന്നെ

സമുദ്രത്തിലേക്കാഴ്ന്നിറങ്ങുന്ന സൂര്യൻ

ബാക്കി വെച്ച വെളിച്ചം പോലെ

പറയാൻ ഏറെ വേദനകൾ

ഞാനും ബാക്കി വെയ്ക്കുന്നു

നീ നിൻ ആലയത്തിലൂടെ എനിക്ക് നൽക്കി

എൻ നെഞ്ചിലെ നീറ്റലുകൾക്ക്

സമാശ്വാസത്തിൻ സാന്ത്വനതലോടൽ

കുളിർമയേറും മധുരസ്മൃതികൾ

***ജോയ് ജോസഫ് (ഓഫീസ് സ്റ്റാഫ്)***

## ***ഒപ്പം***

വീഥികൾ നിശബ്ദമായത്

ഒപ്പം നീ ഉള്ളതിനാൽ

ആഴങ്ങൾ നീന്താനായത്

ഒപ്പം നീ ഉള്ളതിനാൽ

രാവുകൾ ശാന്തമായത്

ഒപ്പം നീ ഉള്ളതിനാൽ

മനസ്സിൽ നൂറു നിലാവുദിച്ചത്

ഒപ്പം നീ ഉള്ളതിനാൽ

ആവില്ല നീ ഇല്ലാത്തൊരു

നാളുമീ ഭൂമിയിൽ

ഒപ്പമായിരിക്കണേ,,എന്നെ നീ

*സ്നേഹത്തിൽ നയിക്കണേ......*

***മേരി ഇവാൻ (അധ്യാപിക)***



# കഥകൾ

# ടോംസൺ കയറിയ പെട്ടി

ടോംസൺ എന്ന ചുണ്ടെലിക്കുട്ടൻ ആളൊരു പൊങ്ങച്ചക്കാരനാണ്. ഒരുദിവസം പതിവുപോലെ ടോംസൺ കൂട്ടുകാരോട് വീമ്പിളക്കി. ."നിങ്ങൾക്കറിയാമോ,എന്റെ അപ്പൂപ്പനെ പൂച്ചകൾക്ക് പോലും പേടിയായിരുന്നു." ങേ!പൂച്ചകൾക്ക് പേടിയുള്ള എലിയോ? അപ്പോൾ നിന്റെ അപ്പൂപ്പൻ ഭയന്കരനായിരിക്കുമല്ലോ? കൂട്ടുക്കാർ ചോദിച്ചു."പിന്നല്ലാതെ!എന്റെ അപ്പൂപ്പൻ ഈ നാട്ടിലെ ഏറ്റവും ധീരനായിരുന്നു. അതുകൊണ്ട് ഞാനും ധീരനാ ."ടോംസൺ പറഞ്ഞു. അങ്ങനെ ദിവസവും അവന്റെ

പൊങ്ങച്ചം കേട്ട് കേട്ട് കുട്ടുകാർ സഹികെട്ടിരിക്കുകയായിരുന്നു. "അങ്ങനെ

കൂട്ടുകാർ തീരുമാനിച്ചു ഇവനിട്ടൊരു പണികൊടുക്കണമെന്ന്..." അങ്ങനെ പതിവുപ്പോലെ ടോംസൺ വന്ന് തന്റെ അപ്പൂപ്പന്റെ വീരകഥകൾ പറയാൻ തുടങ്ങി."നിങ്ങൾക്കറിയാമോ എന്റെ അപ്പൂപ്പൻ ഏതു പെട്ടിയിലും കയറി തീറ്റ സാധനങ്ങൾ എടുക്കാൻ അറിയാമായിരുന്നു."ഇതു കേട്ട് കൂട്ടുക്കാർ ചോദിച്ചു. ഈ വിദ്യ നിന്റെ അപ്പൂപ്പൻ നിന്നെയും പഠിപ്പിച്ചുകാണുമല്ലോ? വലിയ ഗമയിൽ ടോംസൺ പറഞ്ഞു "പിന്നെ അപ്പൂപ്പനെപ്പോലെ ഏതു പെട്ടിയിലും കയറാൻ എനിക്കറിയാം"എന്നാൽ ദാ കാണുന്ന ആ വീട്ടിൽ ഒരുപെട്ടിയുണ്ട്. ആ പെട്ടിയിൽ

നിനക്ക് കയറാമോ? കൂട്ടക്കാർ ചോദിച്ചു....,,,"പിന്നേ അതൊക്കെ ഈസിയല്ലേ? അങ്ങനെ പറഞ്ഞ് ടോംസൺ കൂട്ടുകാരുടെകൂടെ ആ വീട്ടിലേക്ക് നടന്നു. "ദാ അതാണ് പെട്ടി". വീടീന്റെ അടുക്കളയിൽ ഇരുന്ന ഫ്രിഡ്ജാണ് അവർ ചൂണ്ടികാണിച്ചത് . "ശരി ഞാനാ പെട്ടിക്കുള്ളിൽ കയറുന്നത് എല്ലാവരും നോക്കിക്കോ. ടോംസൺ ആ ഫ്രിഡ്ജിന്റെ അടുത്തെത്തി.അതിന്റെ ചുറ്റും നടന്ന് പല തവണ ശ്രമിച്ചിട്ടും അവന് ഫ്രിഡ്ജ് തുറക്കാൻ സാധിച്ചില്ല. പെട്ടന്നാണ് വീട്ടുകാരി അവിടേക്ക് വന്ന് ഫ്രിഡ്ജ് തുറന്നത്. ഈ സമയം ടോംസൺ ഫ്രിഡ്ജിലേക്ക് കയറി. ക്ട്ക്ക് ! ടോംസൺ ഫ്രിഡ്ജിൽ ചാടിയതും വീട്ടുകാരി ഫ്രിഡ്ജ് അടച്ചതും ഒരുമിച്ചായിരുന്നു. പാവം ടോംസൺ ഫ്രിഡ്ജിനുള്ളിൽ കുടുങ്ങി ആ കൊടും തണുപ്പിൽ അവൻ കിടുകിടാവിറയ്ക്കാൻ തുടങ്ങി. "വെറുതേ പൊങ്ങച്ചം പറഞ്ഞുകൊണ്ട് കുരിക്കിലാകേണ്ട ഒരാവശ്യവും ഇല്ലായിരുന്നു.!"ടോംസൺ വിഷമത്തോടെ ഓർത്തു ."മതി നമ്മുക്ക് ഇനി അവനെ എങ്ങനെയും രക്ഷപ്പെടുത്തണം" ഇനി അവന് പുറത്തിറങ്ങാൻ സാധിക്കില്ല. എന്നും പറഞ്ഞുകൊണ്ട് കൂട്ടുകാർ ഓടിവന്ന് ഒരാളുടെ പുറത്ത് ചവിട്ടി അതിന്റെ പുറത്ത് മറ്റൊരാൾ അങ്ങനങ്ങനെ കയറി നിന്ന് അവർ ഫ്രിഡ്ജ് തുറന്ന് ടോംസണിനെ രക്ഷിച്ചു . പിന്നീടൊരിക്കലും ടോംസൺ പൊങ്ങച്ചം പറഞ്ഞിട്ടില്ല.

**കെസിയ വിജയൻ 8C**

# കടുവയെ കുരങ്ങൻ പഠിപ്പിച്ച പാഠം

ഒരിക്കൽ ഒരു കാട്ടിൽ സന്തോഷത്തോടെ ജീവിച്ചിരുന്ന മൃഗങ്ങൾ ഒരു ദിവസം അടിമയെപ്പോലെയായി.ജീവനുവേണ്ടിപ്പോലും അവർക്ക് പേടിക്കേണ്ടിവന്നു.മരത്തിൽ ചാടിനടന്നൊരു കുരങ്ങൻ ഇതെല്ലാം കാണുന്നുണ്ടായിരുന്നു.എല്ലാത്തിനും കാരണം ആ കടുവയാണെന്ന് കുരങ്ങൻ ചിന്തിച്ചു.ഇങ്ങനെ എല്ലാവരെയും പേടിപ്പിച്ച് നടക്കവെ കടുവയ്ക്ക് ഒരസുഖം ബാധിച്ചു.ഒരു മൃഗങ്ങളും ആ കടുവയെ സഹായിച്ചില്ല.വിശപ്പാൽ നടക്കാൻ പോലും കഴിയാതെ ആ കടുവ അവിടെ തന്നെ കിടന്നു.എല്ലാം കണ്ടുകൊണ്ടിരുന്ന ആകുരങ്ങൻ ആ കടുവയെ സഹായിച്ചു.തിന്നാൻ മാംസ്യങ്ങൾ നൽകി.വൈധ്യരെവിളിച്ച് ആ കടുവയെ ചികിത്സിക്കുകയും ചെയ്തു.കുരങ്ങൻ വിചാരിച്ചു ആ കടുവ ഇനി ഒരു തെറ്റും ചെയില്ല എന്ന്.എന്നിട്ടും ആ കടുവ മൃഗങ്ങളെ കൊല്ലുക തന്നെ ചെയ്തു്.കുരങ്ങൻ വിചാരിച്ചു കടുവയെ ഒരു പാഠം പഠിപ്പിക്കണമെന്ന്.ഒരു ദിവസം കടുവ വരുന്ന പാതയിൽ കുരങ്ങൻ ഒരു കുഴകുഴിച്ചു.കടുവ അതിൽ വീഴുകയും ചെയ്തു.കടുവ എന്നെ രക്ഷിക്കു രക്ഷിക്കു എന്ന് നിലവിളിക്കുകയും ചെയ്തു.കുരങ്ങൻ കുഴിയുടെ അടുത്ത് ചെന്ന് കടുവയോട് പറഞ്ഞു "നീ ഈ കാട്ടിലെ മറ്റു മൃഗങ്ങളെ ഉപദ്രവിക്കുന്ന സമയം അവരും ഇങ്ങനെതന്നെയല്ലെ കരയുന്നത്.നീയും ഇനി ആ വേദന അനുഭവിക്ക്"എന്നും പറഞ്ഞ് കുരങ്ങൻ തിരിഞ്ഞു നടന്നു.കടുവ വിഷമത്താൽ നിലവിളിച്ചുകൊണ്ടെയിരുന്നു...........

രേഷ്മ ബി 6D

## കിട്ടപ്പയുടെ കഴുത

ഒരിടത്ത് ഒരു ഗ്രാമത്തിൽ കിട്ടപ്പ എന്ന പേരായ ഒരു സ്വർണ്ണ വ്യാപാരിയും മല്ലയ്യ എന്ന പേരായ ഒരു ഇരുമ്പു വ്യാപാരിയും താമസിച്ചിരുന്നു. ഇരുവരും സ്വർണ്ണവും ഇരുമ്പുമാണ് വിറ്റിരുന്നത്. ഒരു ദിവസം കിട്ടപ്പ താൻ വളർത്തുന്ന കഴുതയെ നന്നായി കുളിപ്പിച്ച് സ്വർണ്ണനിറത്തിലുള്ള പട്ടുതുണി ധരിപ്പിച്ചു. കഴുത്തിൽ മാലകൾ തൂക്കിയിട്ടു. നെറ്റിയിൽ സ്വർണ്ണനിറത്തിലുള്ള പൊട്ടും തൊടുവിച്ചു. അതിനുശേഷം രണ്ട് സഞ്ചി നിറയെ സ്വർണ്ണാഭരണങ്ങൾ നിറച്ച് കഴുതയുടെ പുറത്ത് തൂക്കിയിട്ടു, മല്ലയ്യയുടെ കഴുതയുടെ പുറത്ത് ഇരുമ്പ് സാധനങ്ങളായിരുന്നു കയറ്റിയത്. കിട്ടപ്പയും മല്ലയ്യയും ചങ്ങാതിമാരായതുകൊണ്ട് ഇരുവരും ഒരുമിച്ചാണ് യാത്രയായത്. കിട്ടപ്പയുടെ കഴുത മല്ലയ്യയുടെ കഴുതയെ നോക്കി പരിഹസിച്ചു ചിരിച്ചു."നിന്റെ പുറത്ത കുറെ ഇരുമ്പു സാധനങ്ങൾ.....ഒരു ഭംഗിയുമില്ല നിന്നെ കാണാൻ എന്നെ നോക്കൂ... വിലപിടിച്ച സ്വർണ്ണാഭരങ്ങളാണ് എന്റെ പുറത്ത്. എത്ര ഭംഗിയാണ് എന്നെ കാണാൻ, അല്ലേ?" കിട്ടപ്പയുടെ കഴുത ഗമയിൽ ഒന്നു ചിരിച്ചു. മല്ലയ്യയുടെ കഴുത ഒന്നും മിണ്ടിയില്ല. യാത്രാ മദ്ധ്യേ പെട്ടെന്ന് കൊള്ളക്കാർ കഴുതയുടെ പുറത്തിരുന്ന സഞ്ചികളും കഴുത്തിലിട്ടിരുന്ന മാലകളുമെടുത്തു. പിന്നെ പട്ടുതുണിയും. അവർ മല്ലയ്യയുടെ കഴുതയെ തൊട്ടില്ല. കൊള്ളക്കാർ അപ്രത്യക്ഷരായി. കിട്ടപ്പയുടെ കഴുതയ്ക്ക് എല്ലാം നഷ്ടമായി. കഴുതയുടെ ഗമയും അടങ്ങി. പൊങ്ങച്ചവും ധനവും ആപത്തുവരുത്തുമെന്ന് ആ കഴുതയ്ക്ക് മനസ്സിലായി.

**സനു ജെ 9C**

## ഐക്യമത്യം മഹാബലം

ഒരിടത്ത് പണ്ടൊരു കർഷകൻ ഉണ്ടായിരുന്നു. അയ്യാൾക്ക് നാല് മക്കളുണ്ടായിരുന്നു. മൂന്ന് ആൺമക്കളും ഒരു പെണ്ണും. ആൺമക്കൾ തമ്മിൽ എപ്പോഴും വഴക്കാണ്.അച്ഛനും ഇളയമകളും ഇതൊക്കെ കണ്ട് ദുഃഖിച്ചു. ഈ പെൺക്കുട്ടിയെ നല്ല ഒരാളുടെ കൂടെ അയയ്ക്കണം. പുരയിടവും കൃഷിസ്ഥലവും അന്യാധീപ്പെടാതെ നോക്കുകയും വേണം. അയ്യാൾ ആലോചിച്ചു. ഈ കുട്ടികൾ ശണ്ഠയും ശകാരവുമായി നടന്നാൽ എന്തുചെയ്യും. വേലികെട്ടാൻ കൊണ്ടുവന്നിരുന്ന നീളത്തിലുള്ള കുറെ വടിയുടെ കെട്ടുകൾ പറമ്പിലുണ്ടായിരുന്നു.

അതിൽ നിന്നും ഒരു വടിക്കെട്ട് മുറ്റത്തുകൊണ്ടുവച്ചശേഷം ആ പിതാവ് ഒരു ദിവസം മക്കളെ എല്ലാം വിളിച്ചു. എന്നിട്ട് മൂത്തമകനോട് പറഞ്ഞു, "ഇതൊന്ന് പൊട്ടിച്ചു തരു മോനെ." മകൻ ഉടനെ വടികൾ കെട്ടിയിരുന്ന കയർ പൊട്ടിക്കുവാനാണ് ശ്രമിച്ചത്."അങ്ങനെയല്ല". പിതാവ് പറഞ്ഞു, ഈ വടിക്കെട്ട് നെടുകെ രണ്ടായി പൊട്ടിച്ചുതരണം.

"അയ്യോ അതുവയ്യ". ഒന്നാമൻ ഒഴിഞ്ഞുമാറി അപ്പോൾ ആ പിതാവ് രണ്ടാമത്തെ മകനെ വിളിച്ചു. പിന്നെ മൂന്നാമനും ശ്രമിച്ചുനോക്കി. പക്ഷെ വടിക്കെട്ട് അതേപടി കിടപ്പാണ്. എന്നാൽ ഇതിനകം കെട്ടിൽ നിന്നും നാല് വടികൾ എടുത്ത് ഓരോന്നുവീതം മക്കൾക്ക് നൽകിയശേഷം വൃദ്ധൻ ഒരു വടി തൻെറ മടക്കിയ മുട്ടികാലിൽ വച്ച് രണ്ട് കഷണങ്ങൾ ആക്കി. എത്ര എളുപ്പം . മക്കളും ആ വടികൾ തുണ്ടു തുണ്ടുകളാക്കി താഴെയിട്ടു. മക്കളെ ഓരോരുത്തരെയും മാറി മാറി നോക്കി ആ പിതാവ് സ്നേഹത്തോടെ വിളിച്ചു."വഴക്കും വക്കാണവുമായി ഭാഗം

പിരിഞ്ഞു നിന്നാൽ ഈ വടികളെ എന്നെപോലെ ആർക്കും നിങ്ങളെ നശിപ്പിക്കാൻ പ്രയാസം കാണുകയില്ല. മറിച്ച് ഒറ്റക്കെട്ടായി നിന്നാൽ പിൻമാറുകയല്ലാതെ അക്രമികൾക്ക് ഗത്യന്തരമുണ്ടോ." കുറ്റബോധത്തോടടെ മക്കൾ അച്ഛന്റെ കാൽക്കലിരുന്നു. "അച്ഛാ  ഞങ്ങൾക്ക് മാതപ്പ് തരൂ, ഇനി ഞങ്ങൾ കലഹിക്കില്ല." അച്ഛന്റെയും ഇളയമകളുടെയും കണ്ണുകൾ സന്തോഷം കൊണ്ട്ന നിറഞ്ഞു. ഒന്നിച്ചാൽ ജയിക്കും, ഭിന്നിച്ചാൽ നശിക്കും."ഐക്യമത്യം മഹാബലം"

**സ്നേഹ എസ് 9C**

## *താൻ കുഴിച്ച കുഴി*

ഒരിടത്ത് ഒരു പൂച്ചയും ഒരു കുരുവിയും ഉണ്ടായിരുന്നു.അവർ ഇണപ്പിരിയാത്ത സ്നേഹിതരായി വളരെ ഒരുമയോടെ ജീവിച്ചുവന്നു.ആ സമയത്ത് കുരുവിക്ക് വേറൊരു കുരുവിയുടെ സൗഹൃദം കിട്ടി. ചെറിയ കാലത്തിൽ വളരെ അടുത്ത് ഇടപഴകിയ രണ്ട് കുരുവികളും പെട്ടെന്ന്  ശത്രുക്കളായി മാറി. ഇടയ്ക്കിടെ കൊത്തുക്കൂടിയിരുന്നു. ഒരു ദിവസം രണ്ടു കുരുവികളും കൊത്തുകൂടിയതിൽ പഴയകുരുവിക്ക് പരിക്കുപറ്റി. അത് തന്റെ നീണ്ടകാല സുഹൃത്തായ പൂച്ചയുടെ അടുത്തുചെന്ന് സങ്കടം പറഞ്ഞു പുതിയ കുരുവിയെ ശിക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു. ഇതുതന്നെ പറ്റിയ സമയമെന്നു കരുതിയ പൂച്ച, ആ പുതിയ കുരുവിയെ കൊന്നു തിന്നു. കുരുവി ഭക്ഷണം പൂച്ചയ്ക്ക് വളരെ ഇഷ്ടമായി.

അതുക്കൊണ്ട് വീണ്ടും ആശ മൂത്ത പൂച്ച ആ പഴയ കുരുവിയേയും കൊന്നു തിന്നുകയും ചെയ്തു.

***ഷിബിന 9 C***

# ലേഖനങ്ങൾ

# മാധ്യമങ്ങൾ യുവതലമുറയിൽ

മാധ്യമങ്ങളുടെ വളർച്ച ഇന്ന് യുവതലമുറയെ എങ്ങോട്ട് നയിക്കുന്നു? ഇന്ന്പത്രമാധ്യമങ്ങളേക്കാൾകൂടുതൽ ഇലക്ട്രോണിക്സ് മാധ്യമങ്ങളാണ് മനുഷ്യനെ കീഴടക്കിയിരിക്കുന്നത്. ടെലിവിഷൻ, റേഡിയോ,ഇന്റെർനെറ്റ്, എന്നിങ്ങനെ നീണ്ടുപോകുന്ന ഒരു പട്ടിക തന്നെ നമ്മുടെ മുന്നിലുണ്ട്.വളരെ വർഷങ്ങൾക്ക് മുമ്പ്




അല്ലെങ്കിൽ ദിനപത്രത്തിൽ നിന്നോ അറിഞ്ഞിരുന്ന ലോകകവാർത്തകൾ നിമിഷങ്ങൾക്കകം എത്തിക്കുവാൻ ശേഷിയുള്ള വാർത്താ മാധ്യമങ്ങളുടെ കടന്നുകയറ്റം യുവതലമുറയുടെ പരസ്പര ബന്ധങ്ങളുടെ ഊഷ്മളത തകർത്തു എന്നതാണ് സത്യം.

ഈ ആധുനികതയുടെ പുറമോടിയിൽ ഏറ്റവും അധികം ഉൾപ്പെട്ടിരിക്കുന്നത് ഇന്നത്തെ യുവതലമുറയാണ്. പണ്ടൊക്കെ നാം മറ്റൊരാളുമായി നേരിട്ട് സംവാദിച്ചിരുന്നു എന്നാൽ ഇന്ന് അതെല്ലാം മൊബൈൽ

ഫോണിലെ ഒരു കോളോ അല്ലെങ്കിൽ ഒരു എസ്. എം. എസ്. എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന മെസേജിലോ ഒതുങ്ങിക്കഴിഞ്ഞു. ഇതിൽ നിന്നെല്ലാം തലമുറകൾ തമ്മിലുള്ള വിടവ് വർദ്ധിപ്പിക്കുന്നതിന് മാധ്യമ സംസ്കാരം വഹിക്കുന്ന പങ്കിൻെറ പ്രാധാന്യം മനസ്സിലാക്കാം.

ഇന്ന് ഇത്രയധികം ഇല്കട്രോണിക്സ് മാധ്യമങ്ങൾ സമൂഹത്തെ കീഴടക്കുമ്പോഴും വരും തലമുറയ്ക്ക് വായനാശീലം വളർത്തുവാൻ മാധ്യമപ്രസ്ഥാനങ്ങൾ പുതിയ മുദ്രാവാക്യങ്ങളുമായി നമ്മുടെ മുന്നിലുണ്ട്.

'എൻെറ മലയാളം','വായിക്കുക വളരുക,"നേരറയാൻ നേരത്തെ അറിയാൻ'..... എന്നിങ്ങനെ നീണ്ടുപോകുന്നു അവരുടെ മുദ്രാവാക്യങ്ങൾ.

ഇതിൽ നിന്നെല്ലാം മാധ്യമങ്ങളുടെ നല്ലവശങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു എന്നാണ് നാം പഠിക്കേണ്ടത്. അത് മനസ്സിലാക്കണമെങ്കിൽ നാം വളരെ വർഷങ്ങൾ പിന്നിലെക്ക് പോയി മലയാളത്തിൻെറ പത്രസംസ്കാരത്തിൻെറ വ്യത്യസ്ത അർത്ഥതലങ്ങൾ നൽകിയ 'പത്രാധിപർ' എന്ന് പ്രസിദ്ധി നേടിയ മഹത് വ്യക്തിയുടെ പത്രപാരമ്പര്യത്തെ മനസ്സിലാക്കേണ്ടതാണ്. ***നയന ഫ്രാൻസിസ് 9E***

## ***മാതൃഭാഷ മറക്കരുതെ !***

ജനിച്ച വളർന്ന മണ്ണിൻെറ മണം പേറുന്ന മാതൃഭാഷ ഇന്ന് കുട്ടികളിൽ നിന്ന് അന്യം നിൽക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. മാതൃഭാഷ പഠിക്കാതിരിക്കുന്നതും സംസാരിക്കാതിരിക്കുന്നതും ഇന്ന് ഒരു ഫാഷനായി തീർന്നിട്ടുണ്ട്.

വിദ്യാലയങ്ങളിൽ മാതൃഭാഷാ പഠനം അപ്രസക്തമായി മാറുയാണ്. വിദ്യാർത്ഥികളെക്കാൾ രക്ഷിതാക്കളുടെ മനസ്സിലും ഉള്ള ചോദ്യമാണ് മാതൃഭാഷ എന്തിനാണ് പഠിക്കുന്നത് എന്നത്. ആ ചോദ്യം തന്നെ ഒരു ജനതയുടെ നിലവാര തകർച്ചയെയാണ് സൂചിപ്പിക്കുന്നത്. ഭാഷ ആശയ സംവേദ-നോപാധിയാണ്. എന്നാൽ മാതൃഭാഷ ഒരുവനെ അവന്റെ പാരമ്പര്യവും സ്വത്വവും തിരിച്ചറിയുവാൻ പ്രാപ്തനാക്കുന്നു.

*നമ്മുടെ മാതൃഭാഷയെ നാം അവഗണിക്കുമ്പോൾ നാം മലയാളി അല്ലാതാകുന്നു.അമ്മയെ അവഗണിക്കുന്നതിനു തുല്യമാണ് അമ്മിഞ്ഞ പാലിനൊപ്പം കിട്ടിയ മാതൃ ഭാഷയെ മറക്കുന്നത്.ദ്രാവിഡ സംസ്കാരത്തിന്റെ മേന്മകളുമായി മുന്നിലുള്ള മലയാളം മറ്റേതു ഭാഷയോടും കിടപിടിക്കുന്ന എഴുത്തുകാരുടെ സംഭവനകളാൽ സമ്പുദ്ധമാണ്.മറ്റേതു ഭാഷയെ ഒപ്പം കൂട്ടിയാലും ചിന്തകളിൽ വെളിച്ചമായി മലയാളത്തെ മറക്കാതിരിക്കാം* ***സനു ജെ 9 B***

അ ആ ഇ ഈ ഉ ഊ
ഋ ൠ ഌ ൡ എ ഏ ഐ ഒ ഓ ഔ
ക ഖ ഗ ഘ ങ
ച ഛ ജ ഝ ഞ
ട ഠ ഡ ഢ ണ
ത ഥ ദ ധ ന
പ ഫ ബ ഭ മ
യ ര ല വ
ശ ഷ സ ഹ
ള ഴ റ
ൗ ൃ ു ൂ ർ ൾ ന്ന ൗ വ്യ ൻ

## ലഹരിയുടെ വിപത്തുകൾ

നമ്മുടെ സമൂഹത്തെ ബാധിക്കുന്ന ഒരു വലിയ പ്രശ്നമാണ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം. അത് നമ്മുടെ സമൂഹത്തെ നശിപ്പിക്കുന്ന ഒരു

വലിയ അപകടമാണ്. അതിനെ നാം എത്രയും പെട്ടെന്ന് മാറ്റേണ്ടത് അത്യന്താപേക്ഷിതമായ കാര്യം തന്നെയാണ്.

ഇന്നത്തെ സമൂഹത്ത് ലഹരി പദാർത്ഥങ്ങളുടെ വിൽപന കുട്ടികളെ കേന്ദ്രീകരിച്ചാണ് നടന്നുവരുന്നത്. ഇനി നമ്മുടെ രാജ്യത്തെ വളർത്തികൊണ്ട് വരേണ്ട നമ്മുടെ കുട്ടികൾ അവരെ നശിപ്പിക്കുകയാണ് ലഹരി പദാർത്ഥങ്ങൾ. ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതോടെ മനുഷ്യൻ താൻ ചെയ്യുന്ന കാര്യങ്ങൾ അറിയാതിരിക്കുന്നു. അതിലൂടെ അവൻ വലിയ തെറ്റുകളാണ് ചെയ്യുന്നത്.

ലഹരി പദാർത്ഥങ്ങൾ കൂടുതലായും വിദ്യാലങ്ങളിലാണ് വിൽക്കപ്പെടുന്നത് അത് നാം എത്രയും പെട്ടെന്ന് തടഞ്ഞില്ലങ്കിൽ അത് വലിയ പ്രശ്നങ്ങൾ വരുത്തിവയ്ക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

ഈ സമൂഹത്തിൽ നടക്കുന്ന മിക്ക തെറ്റുകൾക്കും ഒരു കാരണം ഈ ലഹരി പദാർത്ഥം തന്നെയാണ്.

ഇങ്ങനെ വരാതിരിക്കാൻ നാം നമ്മുടെ കുട്ടികളെ ബോധവൽക്കരിക്കണം അപരിചിതരായ ആരും തരുന്ന ഒരു സാധനവും വാങ്ങരുതെന്നും അത് നമ്മുടെ നന്മയ്ക്കായിരിക്കില്ല എന്ന കാര്യം അവർക്ക് പറഞ്ഞ് കൊടുക്കേണ്ടിയിരിക്കുന്നു. പിന്നെ ഇതു വില്ക്കുന്നവരെ കണ്ടെത്തണം. അവർക്ക് തക്കതായ ശിക്ഷകൾ നൽകണം.

*ലഹരി*

*പദാർത്ഥത്തിന്റെ*

*ഉപയോഗംത്തിലൂടെ*

*ബോധരഹിതരാകുന്ന മനുഷ്യൻ താൻ*

*ചെയ്യുന്ന കാര്യങ്ങൾ എന്തെന്ന്*

*തിരിച്ചറിയാറില്ല. അവൻ തെറ്റുകൾ*

*ചെയ്യുന്ന . എന്നിട്ടും തിരിച്ചറിയുന്നില്ല.*



*ലഹരി പദാർത്ഥം നമ്മുടെ സമൂഹത്തെ പതിയെ പതിയെ കൊന്നു തീർക്കുകയാണ് അത് നാം അനുവദിച്ചുകൂട എത്രയും പെട്ടെന്ന് തന്നെ നാം അത് തടയുവാനുള്ള നടപടികൾ സ്വീകരിക്കണം. അതാണ് വേണ്ടത്.*

***അഞ്ജന സുനിൽ 10A***

## അലമാര മുതൽ വരാന്ത വരെ

മറു ഭാഷകളിൽ നിന്ന് വളരെ അധികം കടം കൊണ്ട ഒരു ഭാഷയാണ് നമ്മുടെ മലയാളം. തമിഴ് സംസ്കൃത വാക്കുകൾ ധാരാളം നമ്മുടെ ഭാഷയിൽ ഉണ്ട്. ഭാഷ എന്ന വാക്ക് തന്നെ സംസ്കൃത മൂലം ആണ്. ആത്മാവും മനുഷ്യനും ജനനവും പുസ്തകവും സഞ്ചാരവും എല്ലാം



സംസ്കൃത വാക്കുകൾ ആണ്.തമിഴിലും മലയാളത്തിലും ഒരുപോലെ ഉപയോഗിക്കുന്ന വാക്കുകൾ അനവധി .'അമ്മ പോലും രണ്ടിലും ഉണ്ട്

കപ്പയും റബ്ബറും പുറത്തു നിന്ന് രണ്ടു കയ്യും നീട്ടി സ്വീകരിച്ച മലയാളികൾനമ്മുടെ നാട്ടിൽ വന്ന വിദേശ ഭാഷകളിൽ നിന്നുള്ള വാക്കുകളാൽ മലയാളത്തെ സമ്പന്നമാക്കി. നമ്മുടെ ജില്ലയായ കൊല്ലം പോർച്ചുഗീസ് ബന്ധത്തിന്റെ ചില അടയാളങ്ങൾ ഇന്നും പേറുന്നു.തങ്കശ്ശേരി കോട്ട മാത്രമല്ല നമ്മുടെ ഭാഷയും പോർട്ടുഗീസ് ബന്ധമുള്ളതാണ്.മറ്റു ചില ഭാഷകൾ പോലെ പോര്ട്ടുഗീസിൽ നിന്നുള്ള വാക്കുകളും നമ്മളുപയോഗിക്കുന്നു. അലമാരയും അൾത്താരയും ചായയും മുതൽ ജനാലയും കളസവും വരെ, കസേരയും കശുവണ്ടിയും കടലാസും മുതൽ മേശയും പേനയും മുതൽ സെമിത്തേരി വരെ, വരാന്ത മുതൽ വിനാഗിരി വരെ.കക്കൂസ് മുതൽ തപാല് വരെയുള്ള വാക്കുകൾ പിന്നീട് വന്ന ഡച്ച് കാരുടെ അടുത്ത് നിന്ന് നാം സ്വീകരിച്ചു. മദാമ്മയും മാഷും പിന്നീട് വന്ന ഇംഗ്ലീഷുകാരുടെ കയ്യിൽ നിന്ന്.ബാക്കിയും ഹർജിയും മുതൽ വക്കീലും ദല്ലാളും അറബിയിൽ നിന്ന് വന്നു.

മലയാളം വാക്ക് – Original Portuguese form

ആയ – aia, അലമാര – armário, അള്ത്താര – altar,
കപ്പിത്താന് – capitão, ചായ – chá, ചാവി – chave, ചാക്ക് – saco,
ഇസ്കൂള് – escola, ജനാല – janela, കളസം – calção, കപ്പേള – capela
കാപ്പിരി – cafre, കരൂപ്പ് – garoupa, കസേര – cadeira, ഇസ്തിരി – estirar
കശുവണ്ടി – caju, കടലാസ് – cartaz, കദ്രീഞ്ഞ – cadeirinha
കോപ്പ – copo, കൊവേന്ത – convento,കമ്പാരി – compadre
കുരിശ് – cruz, കുശിനി – cozinha, കുനീല് – funil
ലേലം – leilão, മരയ്ക്കാർ – marinheiro, മേശ – mesa
മേസ്തിരി – mestre,നോന – dona, ഓസ്തി – hóstia,ബോർമ്മ – forno,

**അഭിരാമി ജെ 9C**

# മലയാളം വിക്കി @ 60000

2018 നവംബർ 10-ന് മലയാളം വിക്കിപീഡിയയിലെ ലേഖനങ്ങളുടെ എണ്ണം**60,000** പിന്നിട്ടു.സ്വതന്ത്ര ഓൺലൈൻ വിജ്ഞാനകോശമായ വിക്കിപീഡിയയുടെ മലയാള ഭാഷാപതിപ്പാണ് **മലയാളം വിക്കിപീഡിയ.** അറിവു പങ്കു വയ്ക്കുക, വിജ്ഞാനം സ്വതന്ത്രമാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഉയർന്ന ഗുണമേന്മയുള്ള വിജ്ഞാനകോശം സൃഷ്ടിക്കണമെന്ന് ആഗ്രഹിക്കുന്ന പരസ്പരബഹുമാനവും, വിജ്ഞാനതൃഷ്ണയുമുള്ള ഓൺലൈൻ സമൂഹമാണ് മലയാളം വിക്കിപീഡിയയുടെ പിന്നിൽ പ്രവർത്തിക്കുന്നത്.

2002 ഡിസംബർ 21-ന് അക്കാലത്ത് അമേരിക്കൻ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന തിരുവനന്തപുരം സ്വദേശി വിനോദ് എം.പി. യാണ് മലയാളം വിക്കിപീഡിയ തുടക്കമിട്ടത്.ആ ദിവസം വിനോദ് എഴുതിയ_ മലയാളം അക്ഷരമാല_എന്ന ലേഖനമാണ് മലയാളം വിക്കിപീഡിയയിലെ വിജ്ഞാനസംബന്ധിയായ ആദ്യ ലേഖനമെന്നു കരുതുന്നു.

മലയാളംപോലുള്ള ഭാഷകൾക്ക്എഴുതാനും വായിക്കാനുമുപയോഗിക്കുന്ന ലിപിവ്യവസ്ഥകളിൽ ആദ്യമൊന്നും പൊതുവായ ഒരു മാനദണ്ഡമുണ്ടായിരുന്നില്ല. അതിനാൽ തന്നെ ഇത്തരം ഭാഷയിൽ എഴുതുന്ന ലേഖനങ്ങൾ വായിക്കാൻ പ്രസ്തുത ലേഖനം എഴുതിയ ആൾ ഉപയോഗിച്ച ഫോണ്ടും കമ്പ്യൂട്ടർ വ്യവസ്ഥയും തന്നെ ഉപയോഗിക്കണം എന്ന സ്ഥിതി ആയിരുന്നു.യൂണികോഡ്എന്നറിയപ്പെടുന്ന കമ്പ്യൂട്ടർ ലിപിവ്യവസ്ഥ വന്നതോടുകൂടി മലയാളം കമ്പ്യൂട്ടറിനു വഴങ്ങുന്ന ഒന്നായി.മലയാളം യൂണിക്കോഡ്_

വിക്കിപീഡിയ
സ്വതന്ത്രസർവ്വവിജ്ഞാനകോശം

സാർവത്രികമായി ഉപയോഗിക്കുവാൻ തുടങ്ങിയതോടെയാണ് മലയാളം വിക്കിപ്പീഡിയ സജീവമായത്.

ബാഹ്യ ഉപകരണങ്ങളുടെയൊന്നും സഹായമില്ലാതെ വിക്കിയിൽ നേരിട്ട് മലയാളം ടൈപ്പ് ചെയ്യാവുന്ന ഇൻബിൽറ്റ് ടൂൾ മലയാളം വിക്കിയിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. താല്പര്യത്തോടെ തിരുത്തപ്പെടുന്ന ലേഖനങ്ങളിലൊന്നാണിത്.നമ്മുടെ സ്കൂളുകളിലെ പഠനസമ്പ്രദായങ്ങൾ വിദ്യാർത്ഥികേന്ദ്രീകൃതമാകുന്ന ഇക്കാലത്ത് പാഠപ്പുസ്തകത്തിനപ്പുറമുള്ള വിവരശേഖരണം പ്രധാനമാണല്ലോ. സ്കൂളുകളിൽ ഇന്റർനെറ്റ്ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ കുട്ടികൾക്ക് മലയാളം വിക്കിപീഡിയ പ്രയോജനപ്പെടുത്താനുള്ള അവസരമുണ്ട്.ചരിത്രം,ഭൂമിശാസ്ത്രം,ജ്യോതിശാസ്ത്രംതുടങ്ങിയ മേഖലകളിൽ മലയാളം വിക്കിപീഡിയയിലുള്ള ലേഖനങ്ങൾ വിജ്ഞാനപ്രദമാണ്.2006 ഏപ്രിൽ 10 ന്മലയാളം വിക്കിയിൽ അഞ്ഞൂറാമത്തെ ലേഖനം പിറന്നു. ലേഖനങ്ങളുടെ എണ്ണം അതേവർഷം സെപ്റ്റംബറിൽ 1000-വും, നവംബറിൽ 1500 ഉം ആയി ഉയർന്നു. ഈ കുതിപ്പ് ഇപ്പോഴും തുടരുകയാണ്.2018 നവംബർ പത്തിന് 60000 നാഴികക്കല്ലുകളും  പിന്നിട്ടു

*കൊല്ലം ഉപജില്ലയിലെ സ്കൂളുകളിലെ തെരെഞ്ഞെടുക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പങ്കെടുത്ത വിക്കിപീഡിയ ഓൺലൈൻ കൂട്ടായ്മയിൽ സനു ജെ ,അഭിരാമി  ജെ  എന്നിവരാണ് സൈന്റ്റ് ജോൺസിനെ പ്രധിനിധികരിച്ചുു.ഡിജിറ്റൽ മലയാളത്തെ കൈപിടിച്ചുയർത്തുന്നതിനു വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനു ഈ കൂട്ടായ്മ സഹായിച്ചു. മലയാളം വിക്കിപീഡിയയിൽ അറുപതിനായിരം ലേഖനങ്ങൾ തികയ്ക്കാനാണ് പഠനശിബിരം ലക്ഷ്യമിട്ടുു.അൻപതോളം ലേഖനങ്ങൾ കൂട്ടിച്ചേർക്കാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു.മലയാളം വിക്കിപീഡിയ പ്രവർത്തകരായ വിശ്വപ്രഭ,രഞ്ജിത് സിജി,കണ്ണൻ ഷൺമുഖം എന്നിവർ നേതൃത്വം നൽകി.രാവിലെ പത്തുമണിക്ക് തുടങ്ങിയ ക്ലാസ്സ്സിൽ ആദ്യം രെജിസ്ട്രേഷൻ*

*നടത്തി.തുടർന്ന് കണ്ണൻ ഷൺമുഖം നടത്തിയ ആമുഖം തന്നെ വൈകിയേ മനസ്സിലാക്കാൻ സഹായിച്ചു.എങ്ങനെ വിക്കിയിൽ പ്രേവേശിക്കാം,അംഗത്വമെടുക്കാം തുടങ്ങിയവ മനസ്സിലാക്കി.തുടർന്ന് ഓരോ ഗ്രൂപ്പിനെയും ലേഖനങ്ങൾ എഴുതാൻ പര്യാപ്തരാക്കി വ്രത്തങ്ങളെ കുറിച്ചാണ് എല്ലാവരും എഴുതിയത്. ഞങ്ങൾ വിക്കിപീഡിയയിൽ ആദ്യം എഴുതിയ ലേഖനം ചന്ദ്രവത്മ എന്ന വൃത്തത്തെക്കുറിച്ചാണ്. ഡിജിറ്റൽ മലയാളത്തിനായി കൈകോർക്കാൻ സഹായിച്ച കൂട്ടായ്മ ഉച്ച ഭക്ഷണത്തോടെ പിരിഞ്ഞു.*

**അഭിരാമി ജെ, സന ജെ 9C**

## നവകേരളം എൻെറ ഭാവനയിൽ

ഐക്യകേരളം നിലവിൽ വന്നിട്ട് 62 വർഷം തികയുന്ന ഈ വേളയിൽ നാം കടന്ന പോയ നാഴികകല്ലുകളെ കുറിച്ച് കുറഞ്ഞൊന്നാലോചിക്കുന്നത് ഏറെ പ്രസക്തമാണ്.ചരിത്രം,രാഷ്ട്രീയം,സാമ്പത്തിക,സാംസ്കാരിക മേഘലകളിൽ പുരോഗതി നേടാൻ നമ്മുക്കായി.1957-ൽആദ്യമായി ഒരു കമ്മ്യൂണിസ്റ്റ് ഭരണകൂടം തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്നത് ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാൻ കേരളത്തിനായി.വിദ്യാഭ്യാസരംഗത്ത് സ്വകാര്യമേഘലയെ കടിഞ്ഞാണിടുന്ന മുണ്ടശ്ശേരിയുടെ പ്രസിദ്ധമായ വിദ്യാഭ്യാസ ബില്ലും ജന്മികുടിയാൻ വ്യവസ്ഥയെ തകർത്തെറിഞ്ഞ കാർഷിക ബില്ലും കേരളചരിത്രത്തിൻെറ ഗതിമാറ്റിമറിച്ച ബില്ലുകളാണ്.

കേരളപിറവിക്ക് മുൻപ് 1927-ലാണ് കേരളത്തെ ആകമാനം തകർത്ത ഒരു പ്രളയം ഉണ്ടായത്.ആതുണ്ടായതിനു 94

വർഷങ്ങൾക്കശേഷം 2018-ൽ ആണ് വീണ്ടും കേരളത്തിൻെറ വികസനങ്ങളെ ആകമാനം തട്ടിതെറിപ്പിച്ച് കൊണ്ട് ഒരു പ്രളയം ഉണ്ടായത്.2018 ആഗസ്റ്റ് പതിനഞ്ചോടെയായിരുന്ന കേരളത്തെ വിറപ്പിച്ച് കൊണ്ട് പ്രളയം താണ്ഡവം ചവിട്ടിയത്.അതിനിടയിൽ ഡാമുകൾതുറന്നത് സന്ദർഭത്തെ കൂടുതൽ ദുഷ്കരമാക്കി.ഇടുക്കി ചെറുതോണി ഡാം ഭൂതത്താൻകെട്ട് മുല്ലപെരിയാർ പമ്പഡാം തുറന്നതോടെ ചെങ്കന്നർ പൂർണ്ണമായും വെള്ളത്തിനടിയിലായി.ചെങ്കന്നർ കുട്ടനാട് ആലുവ തുടങ്ങിയ പ്രദേശങ്ങളിലാണ് പ്രളയത്തിൻെറ ആഘാതം കൂടുതലായും കാണപ്പെട്ടത്.കൊല്ലം തിരുവനന്തപുരം കാസർഗോട് ജില്ലകളിൽ പ്രളയത്തിൻെറ ആഘാനം നേരിയ തോതിൽ മാത്രമേ അനുഭവപ്പെട്ടുള്ളൂ.ഈ പ്രളയത്തിലൂടെ മനുഷത്വത്തിൻെറ മഹത്വം മനസ്സിലാക്കാൻ സാധിച്ചു. ഗതാഗതം പൂർണ്ണമായും താറുമാറായി.നെടുംമ്പാശ്ശേരി വിമാനത്താവളത്തിൽ വെള്ളം കയറി.

രക്ഷപ്രവർത്തനത്തിൽ മത്സ്യതൊഴിലാളികളുടെയും വിദ്യാലയങ്ങളുടെയും പങ്കം വളരെ വലുതാരിരുന്നു. മനുഷ്യൻ തന്നെയാണെന്നും അവൻെറ പ്രാർത്ഥനാലയം വിദ്യാലയമാണെന്നും ഈ പ്രളയം നമ്മെ ഓർമ്മപ്പെടുത്തി.ജാതിയോ മതമോ നോക്കാതെ എല്ലാവരെയും രക്ഷിക്കാനായി കേരളത്തിലെ ജനങ്ങളെ ഒറ്റകെട്ടായി നിന്നു.മത്സ്യതൊഴിലാളികളും അതിൽ വലിയൊരു പങ്ക് വഹിച്ചു.

പ്രളയദുരിതത്തിൽ വിദ്യലയങ്ങളും രക്ഷപ്രവത്ത-നത്തിൻെറ ഭാഗമായിരന്നു മിക്ക ദുരിതാശ്വസക്യാമ്പുകളും വിദ്യാലയങ്ങൾ തന്നെയായിരുന്നു.പ്രളയത്തിലുശേഷവും വിദ്യാലയങ്ങളും.വിദ്യാർത്ഥികളും

നവകേരളത്തിനായി പ്രവർത്തിച്ചു.വിദ്യാഭ്യാസരംഗത്ത് നിന്നും വളരെ വലിയ സഹായമാണ് പ്രളയ ദുരിതബാധിതർക്ക് നല്കിയത് .വിദ്യാർത്ഥികൾ പലതരം പഠന ഉപകരണങ്ങളും വസ്ത്രങ്ങളും സാമ്പത്തിക സഹായം നല്കി പ്രളയ ബാധിതരെ സഹായിക്കുകയുണ്ടായി.എല്ലാ അധ്യാപകരും അവരുടെ ഒരു മാസത്തെ ശമ്പളം ദുരിതബാതിതരെ സഹായിക്കാനായി നൽകി.

ദുരിതബാതിതരെ സഹായേക്കുന്നത്തിൽ മത്സ്യതൊഴിലാളികൽ നല്ലൊരു പങ്ക വഹിച്ചിരുന്നു.നാവികസേനയും ഖരസേനയും വ്യോമസേനയും ഇതിൽ പങ്കുച്ചർന്നു. കേരളത്തിൻെറ ഒറ്റകെട്ടായ പ്രവർത്തനത്തിനും ഫലമായി ഈ പ്രളയദുരിത്തിൽ നിന്നും കേരളം കയറി.

ഇനി നാം മുന്നിടേണ്ട കടമ്പ നവകേരള സൃഷ്ടിയാണ്.അത് നാം ഒറ്റകെട്ടായി നിന്നാൽ മാത്രമേ സാധിക്കു. പ്രകൃതിക്ക് ഇണങ്ങുന്നരീതിയിലുള്ള ഒരു നവകേരളത്തെ നാം സൃഷ്ടിക്കണം.അതിനായി നാം ഒറ്റക്കെട്ടായി നിന്നേ മതിയാകു.മലയോരമേഘലകളിൽ കഴിവതും വീടുകൾപണിയാതിരി-ക്കുക.പുഴയുടെയും മറ്റു ജലസ്രോതസ്സുകളുടെയും അരികിൽ അധിവസി-ക്കാതിരിക്കുക.ഇനി നാം ഉയർത്തിക്കോണ്ട് വരേണ്ടത് നവകേരളത്തെ-യാണ്.പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന ഒരു കേരളത്തെ വേണം നാം സൃഷ്ടിക്കാൻ.പ്രളയത്തിലൂടെ ഒരുപ്പാട് പേർക്ക് വീടുകൾ നഷ്ടമായി അവർക്ക് വീടുകൾ നിർമ്മിച്ച് നൽകണം.കേന്ദ്രസർക്കാരിൽനിന്നും മറ്റു സംസ്ഥനങ്ങളിൽ നിന്നും നാം സഹായം തേടണം.


പുതുകേരളത്തെ സൃഷ്ടിക്കാൻ നാം ഒരുകൈയായി

പ്രവർത്തിക്കണം. പ്രവാസികളിൽ നിന്നും മറ്റ് ഉന്നത വ്യക്തികളിൽ നിന്നും ധനസഹായം നേടി ദുരിതബാധിരെ സഹായിക്കണം.നദീതീരത്ത് ധാരാളം മരങ്ങൾനട്ട് വളർത്തുക അതിലൂടെ മണ്ണൊലിപ്പ് തടയാൻ സാധിക്കും.ഇടുക്കി പോലുള്ള കുന്നിൻപ്രദേശങ്ങളിൽ വലിയ വലിയ കെട്ടിടങ്ങൾ നിർമ്മിക്കാതിരിക്കുക.ക്വാറിയും ഘനനവും നിയന്ത്രിക്കുന്നതിലൂടെ മണ്ണിടിച്ചിൽ തടയാൻ സാധിക്കും.പ്രളയത്തിൽ നശിച്ച ആദിവാസി ഊരുകളെ പുനർസൃഷ്ടിക്കാനുള്ള നടപടികൾ എടുക്കുക.

**അർച്ചന സുനിൽ, അന്ജന സുനിൽ 10A**

## *റേന്ത _ കൈയിൽ വിരിയുന്ന കലാവിരുന്ന്*

പുതുതലമുറ ഒട്ടും താല്പര്യം കാണിക്കാത്ത ഒന്നാണ് റേന്ത നിർമ്മാണം.എല്ലാ കാര്യത്തിനും താല്പര്യത്തോടെ നിൽക്കുന്ന നമ്മുടെ ഈ പുതുതലമുറ റേന്ത





നിർമ്മാണത്തിന് പ്രാധാന്യം നൽകാത്തതിൻെറ പ്രധാന കാരണം ക്ഷമയില്ലായ്മയാണ്.ഒരു ദിവസം ,ഒരാഴ്ച്ച,അല്ലെങ്കിൽ ഒന്നോ രണ്ടോ മാസം

എടുത്താണ് ചില റേന്തകൾ നിർമിക്കുന്നത് .ഓരോ റേന്തയുടെയും ഡിസൈൻ അനുസരിച്ചാണ് കാലാവധി എടുക്കുന്നത്.റേന്ത നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഉപകരണമാണ് വീർള.വീർളയിൽ നൂലുകൾ മെനഞ്ഞെടുത്ത് രണ്ട് വീർളകൾ ഒന്നാക്കിയാണ് റേന്ത നിർമിക്കുന്നത്. ഇതിന് കോട്ടൺ നൂലുകളാണ് ഉപയോഗിക്കുന്നത്. കാർബോഡിൽ ഡിസൈൻ വരച്ച് അവ മൊട്ടുപ്പിന്നുകൾ ഉപയോഗിച്ച് കുത്തിയാണ് റേന്ത നിർമ്മിക്കുന്നത്. മൊട്ടുപ്പിന്നുകൾക്ക് ഇടയിലൂടെ വീർളയിലെ നൂല് കടത്തിവിട്ടാണ് റേന്ത നിർമ്മിക്കുന്നത്.റേന്ത നിർമ്മാണം പോർച്ച് ഗീസുകാരാണ് ആദ്യമായി തുടങ്ങിയത്.പീന്നിട് ഓരോരുത്തരും പഠിക്കുകയും പരമ്പരാഗതമായി ഇത് ചെയ്ത് വരുകയും ചെയ്യുന്നു.തുടർന്ന് ഇവയുടെ പഠനത്തിനായി പലയിടത്തും കമ്പനികൾ തുടങ്ങുകയും ചെയ്തു.നാല് വീർളകളിൽ തുടങ്ങി റേന്തയുടെ പരിവം അനുസരിച്ച് വീർളകൾ ഇട്ടു കൊടുക്കുകയും തീരാറാകുമ്പോൾ ഒരോ വീർളകൾ വീതം വെട്ടി മാറ്റുകയും ചെയ്യുന്നു.നമ്മുടെ കാർബോഡുകൾ കട്ടിയുള്ളവയായതിനാലും അവയിൽ മൊട്ടിപ്പിന്ന് കുത്താൻ പാടായതിനാലും റേന്തയ്ക്ക് ആവശ്യക്കാരായി ഇവിടെ എത്തിയ ബെൽജിയൻമാർ കാർബോഡുകൾ കൊണ്ട് വന്ന്നൽകി അതിൽ റേന്തയ്ക്കാവശ്യമായ ഡിസൈൻ നിർമ്മിക്കുകയും ചെയ്തു വിദേശത്ത് നിന്ന് വരുന്ന വ്യക്തികളാണ് കൂടുതലായും ഇവ വാങ്ങുന്നത്.പടിഞ്ഞാറൻ യൂറോപ്പ്കരുടെ സംഭാവനയാണ് റേന്ത നിർമ്മിക്കാൻ ഉപയോഗിക്കുന്ന കാർബോഡുകൾ വ്യത്യസ്തമായ നിരക്കുകളാണ് റേന്ത നിർമ്മാണത്തിന്.അടുത്തടുത്ത് വരുന്ന ഡിസൈനുകളെ നെയുന്നത് "നെയ്ത്ത്"എന്ന് അറിയപ്പെടുന്നു.മിഷ്യൻ ലേസിനേക്കാളും കഠിന്യമേറിയതാണ് ഇവ.ഇവയെല്ലാം

വേഗത്തിൽ നശിക്കുന്നില്ല.ഈ റേന്ത നിർമ്മാണം പഠിച്ച് മറ്റുള്ളവർക്ക് അറിവ് പകർന്നു നൽകുന്ന ചിലരുണ്ട് ഇവരിൽ ഒരാളാണ് സ്റ്റെല്ല എന്ന വ്യക്തി. വ്യത്യസ്ത രീതിയിൽ ഉള്ള ഡിസൈനുകൾ സ്റ്റെല്ല സ്വയം തന്നെമൊട്ടിപ്പിനുകൾ കുത്തി ചെയ്യാൻ പകത്തിന് കുട്ടികളിൽ എത്തിക്കുന്നു എന്നാൽ ക്ഷമമഥ അന്ത്യവിശ്യമായതിനാൽ പുതുതലമുറയിലുള്ള കുട്ടികൾ അത് വെറുക്കുകയും പഠിക്കാൻ താൽപര്യം കാണിക്കാതാവുകയും ചെയ്യുന്നു.എളുപ്പത്തിലുള്ള ഡിസൈനുകൾ ആണ് ആദ്യം പഠിപ്പിക്കുന്നത്.പിന്നീട് വലിയ വലിയ റേന്തകളും നിർമ്മിക്കാൻ പഠിപ്പിക്കുന്നു.ഇന്ന് ചിലർ പരമ്പരാഗതമായും റേന്ത നിർമ്മിക്കുന്നു.ജ്ഞാനസ്നാനം

അദ്യകുർബാന അൽത്താര ഒരുക്കൽ തുടങ്ങിയവയ്ക്ക് ഇത് ഉപയോഗിക്കാറുണ്ട്.റേന്ത നിർമ്മിക്കുനത്തിനായി കേന്ദ്ര സർക്കാരും മനേജ്മെൻറും ചേർന്ന് ഒരു സ്ഥാപിച്ച ഒരു സ്ഥാപനവുമുണ്ട്. 1969-നു മുമ്പ് വരെ ഇരവിപുരത്ത് ഒരു കുടിൽ വ്യപസായമായിരിന്നു. എന്നാൽ റേന്ത നിർമ്മാണം പുരോഗമിപ്പിക്കുന്നതിന്നും സംരക്ഷിക്കുന്നതിനുമായി 1969-ൽ ഇരവിപുരത്ത് വനിതാ കോട്ടേജ് ഇന്ടസ്ട്രിയൽ കോപ്പറെറ്റീവ് സൊസൈറ്റി എന്ന പേരിൽ ഒരു സംഘടന ആരംഭിച്ചു.എന്നാൽ ഈ സംഘത്തിൻെറ പ്രവർത്തനം ഇന്ന് നിലച്ചിരിക്കുകയാണ്. അക്ഷമ മൂലം റേന്ത നിർമ്മാണത്തിൻെറ പ്രാധാന്യം ഇന്ന് നഷ്ട്ടപ്പെട്ടിരിക്കുന്നു.പോർച്ചുഗീസുകാർ തുടങ്ങി വച്ച ഈ സംരംഭം ഇന്ന് കുറച്ച് ഭാഗത്ത് മാത്രമാണ് കാണാൻ കഴിയുന്നത്.ഇവയുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നത് നല്ല ഗുണനിലവാരമുള്ള കോട്ടൺ നൂലുകളാണ്.മാസങ്ങളോ

ആഴ്ച്ചകളോ നീണ്ട നിന്ന് നിർമ്മിക്കുന്ന റേന്തകൾ വലിയ നിരക്ക് കൊടുത്ത് വിദേശ്യർ സ്വന്തമാക്കുന്നു.ഇന്ന് ഇതിൻെറ പ്രധാന്യം കുറഞ്ഞതിനാൽ ആവശ്യക്കാരും കുറവാണ്.പണ്ട് എങ്ങും വ്യാപിച്ച് കിടന്ന ഈ റേന്ത നിർമ്മാണം ഇന്ന് ഒരു ചെറിയ ഭാഗത്തേക്ക് ചുരുങ്ങിയിരിക്കുന്നു.പുതുതലമുറയ്ക്ക് ഇത് പകർന്ന് കൊടുക്കാൻ കഴിയാതത്തിനാലും അവർ അത് പഠിക്കാൻ വൈമുക്ക്യം കാണിക്കുന്നതിനാലും റേന്ത എന്നത് വെറും ഒരു കേട്ടുകേൾവി മാത്രമാക്കും.റേന്തയുടെ പ്രാധാന്യത്തെ ചോർന്നുപോകാതെ സംരക്ഷിക്കുക.

ശരണ്യ ദാസ് 9 d

## ക്യാമറ ഒരു അനുഭവക്കുറിപ്പ്

പത്തോളം സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സംഗമിച്ച ഒരു ക്യമ്പാണ് 29,30 തീയതികളിൽ എസ്.എൻ.ടി.പി. യു.പി.സ്കൂൾ



അനുസ്മരണ സമ്മേളനം മന്ത്രി പി തിലോത്തമൻ ഉദ്ഘാടനം ചെയ്യുന്നു

പാലകർ സംഭവം അതീവ രഹ സ്യമായി സൂക്ഷിക്കുകയായിരു

# വിദ്യാർത്ഥികൾക്കായുള്ള കൈറ്റ് ക്യാമ്പ് സമാപിച്ചു

കൈറ്റിൽ നടന്ന കുട്ടികൾക്കായുള്ള ക്യാമ്പ്

കൊല്ലം: വിദ്യാലയവാർത്തകളും പഠനപ്രവർത്തനങ്ങളും റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലയിലെ സ്കൂളുകളിൽ നിന്ന് 518 കുട്ടി റിപ്പോർട്ടർമാർക്ക് കേരളാ ഇൻഫ്രാ സ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നേതൃത്വത്തിൽ നടന്ന ക്യാമ്പ് സമാപിച്ചു. 26 മുതൽ രണ്ട് ബാച്ചുകളായയാണ് ക്യാമ്പ് നടത്തിയത്.

ഡിജിറ്റൽ ക്യാമറ ഉപയോഗിച്ച് പഠനവിഭവങ്ങൾ ഉണ്ടാക്കുന്നതിനും സ്കൂളുകളിൽ നിന്ന് കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ സംപ്രേഷണത്തിന് അനുയോജ്യമായ വാർത്തകളും വിഭവങ്ങളും തയ്യാറാക്കുന്നതിനും കുട്ടിറിപ്പോർട്ടർമാരെ പരിശീലത്തിലൂടെ പ്രാപ്തരാക്കി. വാർത്ത കണ്ടെത്തൽ, സ്ക്രിപ്റ്റ് രചന, ക്യാമറയുടെ പ്രവർത്തനം, ഫോട്ടോഗ്രാഫി, വീഡിയോ ഷൂട്ടിംഗ്, ഓഡിയോ റെക്കോർഡിംഗ്, വീഡിയോ എഡിറ്റിംഗ്, ടൈറ്റിലിംഗ്, ആംഗറിംഗ് എന്നിവ പരിശീലനത്തിന്റെ ഭാഗമായി നടന്നു. സ്കൂളുകൾക്ക് മുന്നിലുള്ള ഗതാഗതകുരുക്ക്, എസ്പിസി പരിശീലനം, ജില്ലാ അദ്ധ്യാപക പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം എന്നിങ്ങനെകാലിക പ്രാധാന്യമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രീകരിച്ചുകൊണ്ടാണ് ഓരോ പരിശീലന കേന്ദ്രത്തിലെയും കുട്ടികൾ പരിശീലനം പൂർത്തിയാക്കിയത്. കുട്ടിറിപ്പോർട്ടർമാർ തയ്യാറാക്കുന്ന വീഡിയോകൾ ഹൈടെക് സ്കൂളുകളിലെ ഡിജിറ്റൽ ശൃംഖല വഴി കേന്ദ്രീകൃത സെർവറിലേക്ക് സ്കൂളുകൾക്ക് അപ്‌ലോഡ് ചെയ്യാനും കൈറ്റ്-വിക്ടേഴ്സിൽ സംപ്രേക്ഷണം ചെയ്യാനും ജനുവരി 10 മുതൽ സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് കൈറ്റ് വൈസ്ചെയർമാൻ കെ അൻവർ സാദത്ത് അറിയിച്ചു.

പട്ടത്താനത്ത് നടന്നത്.കണ്ണൻ സാർ, അഭിഷേക് സാർ എന്നിവരുടെ നേത്രിത്വത്തിലാണ് ക്യാമ്പ് രൂപീകരിച്ചത്.ആദ്യ ദിവസം തന്നെ ക്യമറ വിദ്യാർത്ഥികൾക്ക് മുന്നിൽ പരിചയപ്പെടുത്തുകയുണ്ടായി.പലതരം കളികളിലൂടെയാണ് ക്ലാസ് ആരംഭിച്ചത്."വായ് മൊഴിയിലൂടെ ഉണ്ടാകുന്ന മാറ്റങ്ങൾ"എന്ന ആശയമാണ് കളികളിലൂടെ മുന്നോട്ട് വച്ചത്.അതിനുശേഷം പല ഗ്രൂപ്പുകളായി കുട്ടികളെ തിരിച്ചു.ആദ്യ ദിവസം തന്നെ ക്യമറയിൽ വീഡിയോ പിടിക്കാൻ പറഞ്ഞയക്കുകയും ചെയ്തു.ഗ്രൂപ്പുകൾക്ക് ഒരോ വിഷയങ്ങൾ നൽകുകയും ചെയ്തു . അതിന് യോജിച്ച വീഡിയയോകൾ ആണ് വിദ്യർത്ഥികൾ ശേഖരിക്കേണ്ടത്.ശേഖരിച്ചശേഷംഅവർ ഒരോരുത്തരും ശേഖരിച്ച വീഡിയോകൾ അദ്ധ്യാപകരെ കാണിക്കുകയും ഉണ്ടായി.അവർ കളികളിലൂടെ തന്നെ അതിൽ വരുത്തേണ്ട മാറ്റങ്ങളെക്കറിച്ച് പറഞ്ഞുതരുകയും ചെയ്തു.കളികളിലൂടേ പകർന്നു തന്ന അറിവുകൾ വഴി അവർ വിദ്ധ്യാർത്ഥികൾക്ക് പ്രീയപ്പെട്ടവരായിമാറുകയാണ് ചെയ്തത്. ആ ക്യാമ്പിലൂടെ അനേകം സൗഹൃദങ്ങൾ ഉടലെടുത്തു.വളരെ ആഹ്ലാദപരവും ഉപയോഗപ്രദവുമായ ക്യമ്പായിരുന്നു 29,30 ദിവസങ്ങളിൽ പട്ടത്താനം സ്കൂളിൽ നടന്നത്.12;00 മണിയോടെ ആഹാരം കഴിക്കാൻ തുടങ്ങി.പുതുക്കൂട്ടുക്കാരുടെ ആഹ്ലാദം പങ്കുവച്ചുകൊണ്ടായിരുന്നു പിന്നെയുള്ള ഓരോചുവടും.ഉല്ലാസ നിമിഷങ്ങൾ നാലുമണിയോടെ പൂർണമാവുകയാണ് ചെയ്തത്.

പിറ്റേ ദിവസം പത്തുമണിയോടെ വിദ്ധ്യർത്ഥികൾ സ്കൂൾ കോംപൗണ്ടിൽ എത്തി-ച്ചേർന്നു.പുതിയ സൗഹൃദത്തിൻെറ തുടർച്ച അവിടെനിന്ന്

തുടർന്നു.എല്ലാവരും വളരെ സന്തോഷത്തോടെയാണ് രണ്ടാം ദിവസത്തെ ക്യാമ്പിലും പങ്കെടുത്തത് . അന്നേ ദിവസം പുതിയ സോഫ്റ്റ് വെയറുകൾ പരിചയപ്പെടുത്തുകയുണ്ടായി.അതിലൊന്നാണ് kidenlive .ഇങ്ങനെ പല തരത്തിലുള്ള സോഫ്റ്റ് വെയറുകൾ പരിചയപ്പെട്ടതോടെ വീഡിയോ എഡിറ്റ് ചെയ്യാനും അതിൽ പല തരത്തിലുള്ള effect add ചെയ്ത് അത് മനോഹരമായി പ്രദർശിപ്പിക്കാനും സാധിച്ചു.പ്രദർശിപ്പിച്ച വീഡിയോകൾ കണ്ടശേഷം അദ്ധ്യപകർ ക്യമ്പിൽ പങ്കെടുത്ത കുട്ടികളെ അഭിനന്ദിക്കുയും ചെയ്തു.

**ആന്റണി ജോസഫ്,ശരണ്യ ദാസ്,ജാസ്മി നജിം**

## ഞാൻ സ്പീക്കർ ആയപ്പോൾ




*എൻെറ ജീവിതത്തിലെ സുപ്രധാനമായ ഒരനുഭവം തന്നെയായിരുന്നു ഈ*

*സ്പീക്കർ പദവി.അന്ന് ഒരു വ്യാഴാച്ചയായിരുന്നു .അന്ന് രാവിലെ എന്റെ ക്ലാസ്സ് ടീച്ചറായ ഷീല ടീച്ചറാണ് എന്നെ ഈ പരിപാടിയെക്കുറിച്ച് അറിയിച്ചത് ശേഷം ഞാൻ ജെസ്സി ടീച്ചറുമായി ഈ വലിയ പദവിയുടെ തിരഞ്ഞെടുപ്പിനായി പ്പോയി എനിക്ക് വിഷയം ലഭിച്ചു."കേരളം ഒരു ഭ്രാന്താലയമോ"അതായിരുന്നു വിഷയം കിട്ടിക്കഴിഞ്ഞപ്പോൾ സ്വാമി വിവേകാനന്ദനാണ് എന്റെ മനസ്സിലേക്ക് ഓടിയെത്തിയത്.അദ്ദേഹത്തിന്റെ മഹത്തായ വാക്കണല്ലോ ഇത് ഞാൻ ആകെ ഭയന്നു പക്ഷേ എന്തോ ഒരു പിൻബലം എന്നിൽ വന്നു എന്നെ കൊണ്ട് ഇതിന് സാധിക്കും എന്നുതന്നെ. പിന്നെ ഒന്നും ഓർത്തില്ല പണ്ട് നമ്മുടെ നാട്ടിൽ നടന്ന അനാചാരങ്ങളെപ്പറ്റിയും,അന്ധവിശ്വാസങ്ങളെപ്പറ്റിയും ഞാൻ ചിന്തിച്ചു.പിന്നിട് എന്തു വരട്ടെ എന്നു കരുതി ഞാൻ പ്രസംഗിച്ചു.റിസൽറ്റ് വന്നു ഞാൻ അതിശയിച്ചു നിന്നുപ്പോയി കാരണം ഒരു തയ്യാറെടുപ്പുകളും കൂടാതെയാണ് ഞാൻ ഈ പരിപാടിക്കെത്തിയത് എന്നിട്ടും എനിക്ക് രണ്ടാം സ്ഥാനം ലഭിച്ചു.എനിക്കു മനസ്സിലായി നമ്മുക്ക് എന്തും ചെയ്യാൻ സാധിക്കും.അങ്ങനെ നവംബർ 14 തീയതി ഞാൻ രാവിലെ തേവള്ളി ഗവ.മോഡൽ ഹൈസ്കൂളിൽ ചെന്നു വെള്ള വാസ്ത്രവും വെള്ളകോട്ടും ധരിച്ച് സന്തോഷത്തോടെ ഞാൻ ആ സ്കൂളിൽ എന്റെ മാതാവും പിതാവും എന്റെ ക്ലാസ്സ് ടീച്ചറുമായി ഞാൻ സ്കൂളിൽ പോയി.എന്നെ ജീപ്പിൽ നിർത്തി ഒരു ഘോഷയാത്രാ നടത്തി.എനിക്ക് വളരെ സന്തോഷമായി.നമ്മിലുള്ള കഴിവുകളെ ഉണർത്തണം എങ്കിൽ നമ്മുടെ ജിവിതം ധന്യമാകും.*

**സൈന നസിം 6B**

# ചില പ്ലാസ്റ്റിക്ക് വിശേഷങ്ങൾ

നാരുകളിൽനിന്ന് വ്യത്യാസ്ത സ്വഭാവമുള്ള പോളിമറുകളാണ് പ്ലാസ്റ്റിക്കുകൾ.മനുഷ്യജീവിതത്തിൻെറ മുഖചഛായ തന്നെ മാറ്റിയ വസ്തുക്കളാണവ.പ്ലാസ്റ്റിക്കുകൾ കൃത്രിമ പോളിമറുകളാണ്.ഗാർഹിക ഉപകരണങ്ങൾ മുതൽ കൃത്രിമ ഹ്യദയവാൽവുകൾ വരെ നിർമിക്കാൻ വിവിധയിനം പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ചു വരുന്നു. പ്ലാസ്റ്റിക്കുകളെ പോലെ വൈവിധ്യമാർന്നഉപയോഗങ്ങൾഉള്ളപദാർഥങ്ങൾ വേറെയില്ല.വ്യത്യസ്തഗുണത്തിലുള്ളപ്ലാസ്റ്റിക്കുകൾഇന്ന്നിർമിക്കപെട്ടിട്ടുണ്ട് .ഗുണത്തിലുള്ള വൈജാത്യമാണ് ഇവയെ കുടുതൽ ഉപയോഗപ്രതമാക്കുന്നത്.

ചൂടാക്കുമ്പോഴുള്ള മാറ്റത്തിൻെറ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്കുകളെ രണ്ടായി തരംതിരിക്കാം. ചൂടിക്കുമ്പോൾ മൃദുവാക്കുകയും തണുക്കുമ്പോൾ ദ്യഢമാവുകയും ചെയ്യുന്ന പ്ലാസ്റ്റിക്കാണ് തെർമോപ്ലാസ്റ്റിക്ക്.ഈ പ്രവർത്തനം എത്ര പ്രാവശ്യം വേണമെങ്കിലും ആവർത്തിക്കാം. നിർമാണവേളയിൽ ചൂടായ അവസ്ഥയിൽ മൃദുവായിരിക്കുകയും എന്നാൽ തണുപ്പിക്കുമ്പോൾ സ്ഥിരമായി ദ്യഢമാവുക്കയും ചെയ്യുന്ന പ്ലാസ്റ്റിക്കാണ് തെർമോസെറ്റിങ് പ്ലാസ്റ്റിക്ക്.ദ്യഢമായി കഴിഞ്ഞാൽ ഇവയെ ചൂടാക്കി വീണ്ടും രൂപമാറ്റം വരുത്താൻ സാധ്യമല്ല.

ആദ്യകാലങ്ങളിൽ അദ്ഭുതവസ്തുവായി പരിഗണിച്ചിരുന്ന പ്ലാസ്റ്റിക് ഇന്ന് പരക്കെ ഒഴിവാക്കപ്പെടെണ്ട ഒരു വസ്തുവായി മാറിയിരിക്കുന്നു. ലോകവ്യാപകമായി തന്നെ പ്ലാസ്റ്റിക്കുകളുടെ ഉൽപ്പാദനത്തിനും

ഉപയോഗത്തിനും ചില നിയന്ത്രണങ്ങൾ വന്നു തുടങ്ങിയിട്ടുണ്ട്.നമ്മുടെ രാജ്യത്തും പല സ്ഥലങ്ങളിലും പ്ലാസ്റ്റികിൻെറ ഉപയോഗം നിരോധിച്ചിട്ടുണ്ട്. ആശുപത്രികളും മൃഗശാലകളും പൊതുസ്ഥലങ്ങളും പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.ഇതിനു പ്രധാന കാരണം ഇവയ്ക്ക് മറ്റു വസ്തുക്കളെ പോലെ ജൈവവിഘടനം സംഭവിക്കുന്നില്ല എന്നതാണ്.

'പോളിമർ' സംയുക്തങ്ങളെ ആണ് പൊതുവായി പ്ലാസ്റ്റിക്കുകൾ എന്ന് പറയുന്നത് എന്ന് പറഞ്ഞല്ലോ, പക്ഷെ ഇതിൽ കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ ഇവ കൂടാതെ ക്ലോറിൻ, നൈട്രോജൻ, ഫ്ലൂറിൻ എന്നീ മൂലകങ്ങളും കാണാം. പ്ലാസ്റ്റിക് കത്തുമ്പോൾ കാർബൺ ഡൈ ഓക്സൈഡ്, നൈട്രജൻ, ഓക്സിജൻ, ജലബാഷ്പം, ക്ലോറിൻ വാതകം ഇവ കൂടതെ വിഷമയം ഉള്ള വാതകങ്ങളും ഉണ്ടാവും. ഉദാഹരണത്തിന് വിഷ വാതകം ആയ കാർബൺ മോണോക്സൈഡ്, ടോക്സിക്ക് ആയ ഡൈഓക്സിൻ (Dioxins), പോളിസൈക്ലിക് അരോമാറ്റിക് ഹൈഡ്രോ കാർബണുകൾ [Polycyclic aromatic hydrocarbons (PAHs)], എന്നിവ ഉണ്ടാകാം.ഡൈഓക്സിൻ (Dioxins), പോളിസൈക്ലിക് അരോമാറ്റിക് ഹൈഡ്രോ കാർബണുകൾ (PAHs) എന്നിവ കാൻസറിന് കാരണം ആയേക്കാവുന്നതും മാരക വിഷവും ആണ്.

പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണം കുറയ്ക്കാനാനുള്ള നിർദേശങ്ങൾ

*ഡിസ്പോസിബിൾ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കുക.

*സൽക്കാരവേളകളിൽ ഗ്ലാസ്,സിറാമിക്, സ്റ്റീൽ,എന്നിവ കൊണ്ടുള്ള വസ്തുക്കൽ ഉപയോഗിക്കുക.

*പ്ലാസ്റ്റിക് അലങ്കാരവസ്തുക്കൾക്ക പകരം കടലാസ്,തുണി, സസ്യഭാഗങ്ങൾ എന്നിവ കൊണ്ടുള്ളവ ഉപയോഗിക്കുക

ഷീല മേരി (അദ്ധ്യാപിക)

## ആലപ്പാടിന്റെ ഭാവി

ഉയർന്ന വിലയുള്ള പ്രകൃതി ധാതുക്കളാൽ സമ്പന്നമാണ്

കേരളത്തിൻെറ കടൽത്തീരം .പ്രത്യകിച്ച് കൊല്ലം , ആലപ്പുഴ തീരദേശം

ഐ ആർ ഈ,കെ . എം .എം .എൽ തുടങ്ങിയ പൊതുമേഖല

സ്ഥാപനങ്ങൾ ഈ ധാതു സമ്പത്ത് പ്രയോജനപ്പെടുത്തുന്നവയാണ്.

കടൽതീരം ഖനനം ചെയ്ത് മോണോസൈറ്റ്,ഇൽമനൈറ്റ് തുടങ്ങിയ

ധാതുക്കൾ വേർതിരിക്കുന്നു.

ഉയർന്ന വിലയുള്ള ഈ ധാതുക്കൾ പക്ഷേ

നാട്ടുകാരെ സമ്പന്നരാക്കുന്നില്ല. മറിച്ച് അവരുടെ

പ്രകൃതിയും ജീവനും ആരോഗ്യവും ജീവിതവും അവസാനം

സമാധാനവും തകർക്കുന്നതിലേക്ക് നയിക്കുന്നു . ഇതാണ് ഇന്ന്

ആലപ്പാടിന് സംഭവിക്കുന്നത്. ഇനി കൊല്ലം തീരത്ത് മൊത്തത്തിൽ

സംഭവിക്കാനുള്ളത്:

ആലപ്പാടിന്റെ ഭാവി

എന്തായിരിക്കുമെന്നറിയാൻ വസ്തുവത്തിൽ ശാസ്ത്രീയമായ വലിയ അറിവോ, പഠനങ്ങളോ വേണ്ട. ആലപ്പാടിന്റെ തെക്കേ അറ്റത്ത് വെള്ളനത്തുരുത്ത് എന്ന സ്ഥലം തുടങ്ങി അതിന്റെ തെക്കേ പഞ്ചായത്തിലെ കാട്ടിൽ മേക്കതിൽ ക്ഷേത്രം വരെയുള്ള സ്ഥലങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയും പതിനഞ്ചുകൊല്ലം മുൻപുള്ള സ്ഥിതിയും താരതമ്യം ചെയ്താൽ മാത്രം മതി.ഇപ്പോഴത്തെ പോലെ ഖനനം തുടർന്നാൽ ഈ പൊന്മന പ്രദേശം 2018 ൽ എങ്ങനെയായോ അങ്ങനെയാണ് നാളെ ആലപ്പാട് ആകാൻ പോകുന്നത്. ജനവാസമുണ്ടായിരുന്ന പൊന്മനയിലെ ഏറെ പ്രദേശങ്ങൾ ഇപ്പോൾ വീടുകൾ കാണാനില്ല.ഏതാനും ക്ഷേത്രങ്ങൾ മാത്രമാണ് ബാക്കിയുള്ളത്;പൊന്മനയിൽ ഭൂമിയുടെ മുകളിൽ ഉണ്ടായിരുന്ന പച്ചപ്പ് വർഷാവർഷം കുറഞ്ഞു വരുന്നു,പൊന്മനക്കും ആലപ്പാടിനും ഇടക്കുള്ള പ്രദേശത്ത് വലിയ തോതിൽ കടൽ കരയിലേക്ക് കയറിവരുന്നു .

ഇതാണിപ്പൊഴത്തെ ഏറ്റവും ആപത് ശങ്കയുള്ള പ്രദേശം, കടലിനും കായലിനും ഇടയിൽ ഒട്ടും ഉയരമില്ലാതിരുന്ന പൊന്മന പ്രദേശത്ത് ഇപ്പോൾ അനവധി കുഴികളാണ്,അതിൻെറ ആഴം അടുത്തുള്ള സമുദ്ര നിരപ്പിലും കുറവായേക്കാം .ശുദ്ധവ്യക്ഷങ്ങളും ജലത്തിൻെറ സാന്നിധ്യം ഉണ്ടായിരുന്നത് കൊണ്ടാണ് പൊന്മനയിലും ആലപ്പാടും ജനങ്ങൾ താമസിച്ചതും പച്ചപ്പ് ഉണ്ടായതും.എന്നാൽ ഇന്ന് പച്ചപ്പ് ഇല്ലാതാവുന്നു.ഖനന ശേഷം മണൽ തിരിച്ചിട്ടാലും മണ്ണിന്റെ ഘടന മാറുന്നതിനാൽ പിന്നീട് പഴയ ആവാസ വ്യവസ്ഥ തിരിച്ചു വരില്ല .

**ആലപ്പാടിന്റെ പ്രശ്നങ്ങൾ നൂറിരട്ടി ആക്കി മാറ്റാൻഒരു കടൽ ക്ഷോഭത്തിനു പോലും കഴിയും.അപ്പോൾ അത് കൂടുതൽ പ്രദേശത്തെ ബാധിക്കുകയും ചെയ്യും.കാലാവസ്ഥ വ്യതിയാനത്തിന്റെ ഈ കാലത്തു കടൽഭിത്തി വെള്ളത്തിൽ വരച്ച വരെയായി മാറും .മണ്ണിളകിയ കടൽത്തീരം കടലിൽ ആകാൻ വളരെ എളുപ്പം .മറ്റൊരു ചുഴലിക്കാറ്റിൽ കായലും കടലും ഒന്നായാൽ കേരളത്തിന്റെ ആവാസ വ്യവസ്ഥയും സമ്പത് വ്യവസ്ഥയും തകരാം.ഈ ഖനനം മൂലം പ്രയോജനം ലഭിക്കുന്നവർക്ക് പോലും ഈ പാരിസ്ഥിതിക പ്രശനങ്ങൾ അറിയില്ല.സാങ്കേതിക വിദഗ്ധർ പറയുന്നത് മാത്രമേ ജനപ്രതിനിധികൾക്കറിയാവൂ.അണക്കെട്ടു മൂലം കാടു നശിക്കുന്നത് മനസ്സിലാക്കിയവർക്കു എന്തെ ഇതു കാണാനാവുന്നില്ല.ഇന്ന്**

***ആലപ്പാടിന് സംഭവിക്കുന്നത് നാളെ കേരളത്തെ വീഴുങ്ങാൻ***

***കാത്തിരിക്കാതെ നമ്മുക്ക് ഉണർന്നു പ്രവർത്തിക്കാം.***

***നൊറീൻമേരി (അധ്യാപിക)***

## ***ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്***

സ്റ്റുഡൻസ് പോലീസ് കേഡറ്റ് മാതൃകയിൽ, രണ്ടു അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ സ്കൂൾ യൂണിറ്റ് പ്രവർത്തിക്കുന്നു. എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും ജനുവരി മാസത്തിൽ ഒരു അഭിരുചി പരീക്ഷ നടത്തി തെരഞ്ഞെടുക്കപ്പെടുന്ന 20 മുതൽ 40 വരെ കുട്ടികളെയാണ് ഒരു യൂണിറ്റിൽ ഉൾപ്പെടുത്തുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തി ആദ്യ ഘട്ടത്തിൽ തന്നെ സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന് അംഗീകാരം നേടിയെടുക്കാനായി (Registration No. L K /2018/41079).






വേനലവധി കാലത്തു തന്നെ കെയ്റ്റ് മിസ്ട്രസ് മാർക്ക് പരിശീലനം ലഭിച്ചു.തുടർന്ന് ജൂൺ മാസത്തിൽ കുട്ടികൾക്ക് മാസ്റ്റർ ട്രൈനെർ കണ്ണൻ വിദഗ്ധ പരിശീലനം നൽകി.എല്ലാ ബുധനാഴ്ചയും വൈകിട്ട് 3 .50 മുതൽ 4 .50 വരെ കുട്ടികൾക്ക് കെയ്റ്റ് മിസ്ട്രെസ് മാർ പരിശീലനം നൽകി വരുന്നു. ജൂലൈയിൽ ഒരു വിദഗ്ധ പരിശീലനവും ഓഗസ്റ്റിൽ സ്കൂൾ തല ക്യാമ്പും സംഘടിപ്പിച്ചു.ലിറ്റൽ കൈറ്റ്സ് അംഗങ്ങൾ ആകാൻ താല്പര്യം കാട്ടിയ കുട്ടികളിൽ നിന്നും ആദ്യ ഘട്ടത്തിൽ 21 പേരെ തിരഞ്ഞെടുക്കുകയും പിന്നീട് അംഗങ്ങളുടെ എണ്ണം 28 ആയി ഉയർത്തുകയും ചെയ്തു.സ്കൂൾ പി ടി എ പ്രസിഡന്റ് ശ്രീ മാൽകം വര്ഗീസ് ചെയർമാനും ഹെഡ്മാസ്റ്റർ ശ്രീ ബേസിൽ നെറ്റാർ കണ്വീനറും ആയ സ്കൂൾ തല നിർവഹണ സമിതി ലിറ്റൽ കൈറ്റ്സ് നെ മുന്നോട്ടു നയിക്കുന്നു.ജോയിന്റ് കൺവീനർ മാരായ മാനസി എസ് സ്റ്റാലിനും നോറീൻ മേരിയും കുട്ടികൾക്കായി ക്ലാസ് എടുക്കുന്നു. കുട്ടികളുടെ പ്രതിനിധികളായി സാന്ദ്ര ജെയും ആന്റണി ജോസെഫ്ഉം സമിതിയിലുണ്ട് .

## ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബിന്റെ ഉദ്ഘാടനം

ഹെഡ്മാസ്റ്റർ ശ്രീ ബേസിൽ നെറ്റാറിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കൈറ്റ്സ് മാസ്റ്റർ ട്രൈനെർ കണ്ണൻ സർ ഉത്ഘാടനം ചെയ്തു.എസ് ഐ ടി സി മാനസി എസ് സ്റ്റാലിൻ സ്വാഗതം പറഞ്ഞ യോഗത്തിൽ വിദ്യാർത്ഥി പ്രതിനിധി സാന്ദ്ര നന്ദി പറഞ്ഞു.തുടർന്ന് നടന്ന പരിശീലന പരിപാടിയിൽ ഹൈടെക് ക്ളാസ് റൂം പരിപാലനത്തെ കുറിച്ചും അടിസ്ഥാന ഐസിടി ആശയങ്ങളെ കുറിച്ചും പറഞ്ഞു. അനിമേഷൻ സോഫ്റ്റ്‌വെയർ ആയ scratch പരിചയപ്പെടുത്തി.



**മാതൃ സംഗമം**

ലിറ്റൽ കൈറ്റ്സ് പ്രവർത്തങ്ങൾ അമ്മമാർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനായി മാതൃ സംഗമം നടത്തി.H .M ബേസിൽ നെറ്റർ അധ്യക്ഷം വഹിച്ച യോഗത്തിൽ മാനസി ടീച്ചർ അമ്മമാരോട് സംവദിച്ച .അവരുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ലിറ്റിൽ കൈറ്റ്സ് ഏകദിന വിദഗ്ധ പരിശീലനം**

ജൂലൈ 21 ന വിദഗ്ധ പരിശീലനം നടത്തി.സ്കൂളിലെ അധ്യാപകനായ സെബാസ്റ്റ്യൻ ഇങ്ക്സ്കേപ്പ് സോഫ്റ്റ്വെയർ ആശയങ്ങൾ കുട്ടികളുമായി പങ്കു വെച്ചു. ഈ അറിവുകൾ കുട്ടികൾക്ക് അനിമേഷൻ വീഡിയോസ് ചെയ്യാൻ സഹായകരമായി.






LITTLE KITES -ONE DAY













ഓഗസ്റ്റ് നാലാം തീയതിയാണ് സ്കൂൾ തല ക്യാമ്പ് നടത്തിയത്.ഹെഡ്മാസ്റ്റർ ബേസിൽ നെറ്റർന്റെ സാന്നിധ്യത്തിൽ മുൻ ഹെഡ്മാസ്റ്ററും നിരവധി വർഷങ്ങൾ എസ് ഐ ടി സി യും ആയിരുന്ന ക്ലിഫോർഡ് മോറിസ് ആണ്ക്യാമ്പ് ഉത്ഘാടനം ചെയ്തത്.ക്രിസ്തു രാജ് സ്കൂളിലെ കെയ്റ്റ് മാസ്റ്റർ ആയ ജോണി ആണ് ക്യാമ്പ് നടത്തിയത്.ലിറ്റിൽ കൈറ്റ്സ് മിസ്ട്രെസ്സ്മാർ സജീവമായി പങ്കെടുത്തു.കുട്ടികൾ സജീവമായിരുന്ന ക്യാമ്പിൽ അവർ വീഡിയോ എഡിറ്റ് ചെയ്തു മനോഹരമാക്കാൻ പഠിച്ചു.ഉച്ചഭക്ഷണം ക്യാമ്പിൽ നൽകി.

**സ്കൂൾ ഡിജിറ്റൽമാഗസിൻ പത്രാധിപസമിതി രൂപീകരണയോഗം**

08 -08 -2018 ന ലിറ്റൽ കൈറ്റ്സ് അംഗങ്ങളുടെയും വിദ്യാരംഗം അംഗങ്ങളുടെയും സംയുക്ത യോഗം ചേർന്ന് ഇ മാഗസിൻ തയ്യാറാക്കുന്നതിനുള്ള പത്രാധിപ സമിതിയെ തിരഞ്ഞെടുത്തു .തുടർന്ന് സ്കൂളിൽ മാഗസീനിലേക്കുള്ള സൃഷ്ടികൾ ക്ഷണിച്ചു കൊണ്ട് നോട്ടീസ് നല്കാൻ തീരുമാനിച്ചു.മലയാളം ടൈപ്പിംഗ് വേഗത ഉണ്ടാക്കുവാനായി കൂടുതൽ സമയം ടൈപ്പ് ചെയ്തു പഠിക്കാനും തീരുമാനിച്ചു.ലിറ്റൽ കൈറ്റ്സ് മിസ്ട്രെസ് മാരും വിദ്യാരംഗം കോഓർഡിനേറ്റർ ആനി ടീച്ചറും ഇതിൽ സംബന്ധിച്ചു.

**സ്ഥിരം ക്ലാസ്**

എല്ലാ ബുധനാഴ്ചയും വൈകിട്ട് ഒരു മണിക്കൂർ ലിറ്റിൽ കെയ്റ്റ് മിസ്ട്രെസ്സ്മാരുടെ നേതൃത്വത്തിൽ ക്ലാസ് നടക്കുന്നു.ജൂലൈ ഓഗസ്റ്റ് മാസങ്ങളിലായി ടു പി ട്യൂബ് ഡെസ്ക് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അനിമേഷൻ നിർമിക്കാൻ കുട്ടികൾ പര്യാപ്തരായി. ഇതിനു ഉപോൽബലകമായി ഇങ്ക്സ്കേപ്പ്,ജിമ്പ് തുടങ്ങിയവയും പരിജയപ്പെടുത്തി. സെപ്റ്റംബർ, ഒക്ടോബർ

മാസങ്ങളിലായി മലയാളം ടൈപ്പിംഗ് പഠിച്ച കുട്ടികൾ ഡിജിറ്റൽ മാഗസിന് വേണ്ടി തയ്യാറെടുത്തു തുടങ്ങി. നവംബർ,ഡിസംബർ മാസങ്ങളിൽ scratch,mobile app തുടങ്ങിയവയിൽ നിപുണ്യം നേടി.ജനുവരി ഫെബ്രുവരി മാസങ്ങളിലായി python പഠിക്കാൻ കുട്ടികൾ തയ്യാറുവുന്നു.തുടർന്ന് റോബോട്ടിക്സും ഇലക്ട്രോണിക്സും പഠിക്കാനുണ്ട് .

***മലയാളം വിക്കി*** @ 60000

*കൊല്ലം ഉപജില്ലയിലെ സ്കൂളുകളിലെ തെരെഞ്ഞെടുക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പങ്കെടുത്ത വിക്കിപീഡിയ ഓൺലൈൻ കൂട്ടായ്മയിൽ സന ജെ ,അഭിരാമി ജെ എന്നിവരാണ് സൈന്റ്റ് ജോൺസിനെ പ്രധിനിധികരിച്ചു.ഡിജിറ്റൽ മലയാളത്തെ കൈപിടിച്ചുയർത്തുന്നതിനു വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനു ഈ കൂട്ടായ്മ സഹായിച്ചു. മലയാളം വിക്കിപീഡിയയിൽ അറുപതിനായിരം ലേഖനങ്ങൾ തികയ്ക്കാനാണ് പഠനശിബിരം ലക്ഷ്യമിട്ടു.അൻപതോളം ലേഖനങ്ങൾ കൂട്ടിച്ചേർക്കാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു.മലയാളം വിക്കിപീഡിയ പ്രവർത്തകരായ വിശ്വപ്രഭ,രഞ്ജിത് സിജി,കണ്ണൻ ഷൺമുഖം എന്നിവർ നേതൃത്വം നൽകി.*

***ക്യാമറ ഒരു അനുഭവം***

*പത്തോളം സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ സംഗമിച്ച ഒരു ക്യമ്പാണ് 29,30 തീയതികളിൽ എസ്.എൻ.ടി.പി. യു.പി.സ്കൂൾ പട്ടത്താനത്ത് നടന്നത്.കണ്ണൻ സാർ, അഭിഷേക് സാർ എന്നിവരുടെ നേത്രിത്വത്തിലാണ് ക്യാമ്പ് രൂപീകരിച്ചത്.ആന്റണി ജോസഫ്,ശരണ്യ ദാസ്,ജാസ്മി നജിം എന്നിവർ പങ്കെടുത്തു.*

***മാനസി എസ് സ്റ്റാലിൻ ( കൈറ്റ്സ് മിസ്ട്രസ്)***

# പലവക

# തീരദേശ സൈന്യം

*ഇരവിപുരം പോലുള്ള തീരദേശത്തെ ക്കുട്ടതലാളുകളും കടലിനെ ആശ്രയിച്ച കഴിയുന്നവരാണ്.ഇവരുടെ പ്രശ്നങ്ങൾ പലപ്പോഴും അധികാരികൾ കാണുന്നില്ല .പ്രളയകാലത്തെ കേരളത്തെ രക്ഷിച്ച ഇവരോട് ലിറ്റിൽ കൈറ്റ്സ് പത്തു ചോദ്യങ്ങൾ ചോദിക്കുന്നു.*

1. പുതുതലമുറ മത്സ്യബന്ധനത്തിന് മറ്റും പോകാത്തത് അവരുടെ മടിയാണെന്നത് ശരിയാണോ?

സോളമൻ- തീർച്ചയായും അവർ ഇപ്പോൾ പുതുലോകം തിരയുന്നതിനുള്ള ആകാംക്ഷ .പിന്നെ കടൽ പല അപകടങ്ങൾക്ക് ഇടയാകാറുമുണ്ട്.അതിനാൽ പൂർണമായും മടിയെന്ന് പറയാനുമാകില്ല..

2.പ്രളയത്തിന് ശേഷം മത്സ്യതൊഴിലാളികളോട് മറ്റുള്ളവർ പെരുമാറുന്നരീതിയിൽ വ്യത്യാസമുണ്ടോ?

വിനോദ്-ഉണ്ട് .കണ്ടാൽ ചിരിക്കാൻ മടിക്കുന്നവർ പ്രളയശേഷം മത്സ്യതൊഴിലാളികളെ സ്വന്തം കൂടപ്പിറപ്പായി കാണുന്നു

3 .മത്സ്യതൊഴിലാളികൾ പ്രളയസമയം കാണിച്ച സഹായം ഒരിക്കലും മറക്കാൻ കഴിയാത്ത ഒന്നല്ലേ?

വർഗ്ഗീസ്- അതെ,തീർത്തും അത് ശരിയാണ്.അനേകം ജിവനാണ് അന്നത്തെ പ്രളയത്തിൽ നഷ്ട്ടപ്പെട്ടുമെന്ന് കരുതിയത് .എന്നാൽ

ദൈവദൂതൻമാരെപ്പോലെയാലണ് മത്സ്യതൊഴിലാളികൾ അവിടെ എത്തിയതും ആളുകളെ രക്ഷിച്ചതും.

4 .മത്സ്യതൊഴിലാളികൾക്ക് കടലിൽ പോകുമ്പോൾ മനസ്സിൽ ഉണ്ടാകുന്ന ചിന്തകൾ എന്തെല്ലാം?

ജോസഫ്-ജീവനെ ഭയന്ന് തന്നെയാണ് മത്സ്യതൊഴിലാളികൾ ഓരോരുത്തരും കടലിൽ പോകുന്നത്.പോകുന്ന ദിവസം മത്സ്യം കിട്ടിയില്ലെങ്കിൽ അവരുടെ കുടുംബം അന്ന് പട്ടിണിയുമാണ്

5.കടലിൽ പോകുന്ന മത്സ്യ തൊഴിലാളികൾക്ക് എത്ര ദിവസം കടലിൽ തന്നെ കഴിയേണ്ടിവരുന്നു?

ഫിലിപ്പ്- ഒരാഴ്ച്ച കടലിൽ കഴിയേണ്ടി വരുന്നു.ഇതവരുടെ ജീവിതാവസ്ഥയിലെ കഷ്ട്പാടുമൂലമാണ്.

6. കടലിൽ കഴിയുന്നതിന് എന്തെല്ലാം കരുതേണ്ട ആവശ്യകതയുണ്ട് ?

രാജൻ- പെട്രോൾ,ഭക്ഷണസാധനം,വസ്ത്രം,സുരക്ഷസംവിധാനം എന്നിവ കരുതേണ്ട ആവശ്യകതയുണ്ട്

7. മത്സ്യം നശിച്ച് പോകാതിരിക്കാൻ രാസവസ്തുക്കൾ ചേർക്കാറുണ്ടോ?

ക്രിസ്റ്റി-ഇല്ല

8 . അതിൻെറ ദൂഷ്യ ഫലങ്ങളെക്കുറിച്ച് എന്തെങ്കിലും അറിയാമോ?

അത് മനുഷ്യ ശരീരത്തിന് ഏറെ ദോഷകരമാണ്.അത് മനുഷ്യന് മാറാരോഗങ്ങൾക്ക് ഇടയാക്കുന്നു.

9. ഇവരുടെ കഷ്ടപ്പാടിനനുസരിച്ച് മത്സ്യത്തിന് വില ലഭിക്കുന്നുണ്ടോ?

ഇല്ല .ഒരിക്കലും ലാഭം കിട്ടാത്ത ഒരു തൊഴിൽ തന്നെയാണിത്.

10. മത്സ്യ ലഭ്യത കുറയുന്നതിന് കാലവസ്ഥയുമായി ബന്ധമുണ്ടോ?

ഉണ്ട്. മഴക്കാലത്ത് മത്സ്യ ലഭ്യത കുറവായിരിക്കും. പഴയ കാലത്തെ അപേക്ഷിച്ച കടലിൽ ചൂട് കൂടുന്നത് കൊണ്ട് പലപ്പോഴും മീൻ ലഭ്യത കുറയുന്നത്.

ശരണ്യ,തീർത്ഥ, റോഷ്ന 9D

## കടങ്കഥ ക്വിസ്

1;കാട്ടിൽ കിടന്നവൻ വയസ്സന് കൂട്ട്

വടി

2; അരയുണ്ട് കാലുണ്ട് ,കാലിൻെറ പാദമില്ല

പാൻെറ്

3;ഒരമ്മ എപ്പോഴും കുടപിടിച്ച് കളിക്കുന്നു

ആമ്പൽ

4; അമ്മ ചവറിൽ മകൻ കുതിരപ്പുറത്ത്

വാഴക്കുല

5; ഇട്ടാലുടയാത്ത ഇംഗ്ലീഷ് മുട്ട

പഞ്ഞി

ജാസ്മി നാസിം 9B

# ആ പഴഞ്ചൊല്ലുകൾ

അകത്തു കത്തിയും പുറത്തു പത്തിയും*

അക്കരെനിൽക്കുമ്പോൾ ഇക്കരെപച്ച,ഇക്കരെ നിൽക്കുമ്പോൾ അക്കരെപച്ച*

അച്ചനെ കുത്തിയ കാള ചെറുക്കനെയും കുത്തും-

അടയ്ക്കയാകുമ്പോൾ മടിയിൽവെക്കാം അടയ്ക്കാമരം (കഴുങ്ങായാൽ) വെച്ചുകൂടാ-

അണ്ടിയോടടുത്തെങ്കിലെ മാങ്ങായുടെ പുളി അറിയൂ

അതിബുദ്ധിക്ക് അല്പായുസ്സ്-

അധികമായാലമൃതവുംവിഷം-

അഭ്യസിച്ചാൽ ആനയെ എടുക്കാം

അരക്കുടം തുളുമ്പും നിറക്കുടം തുളുമ്പുകയില്ല-

അരിയെറിഞ്ഞാൽ ആയിരം കാക്ക-

അല്പനൈശ്വര്യം വന്നാൽ ( അർത്ഥം കിട്ടിയാൽ ) അർദ്ധരാത്രി

കുടപിടിക്കും-

അളമുട്ടിയാൽ ചേരയും തിരിയും

ആട്ടുകിടന്നിടത്തു പൂട കാണാതിരിക്കുമോ


ആണായാൽ നാണംവേണം; മുഖത്തഞ്ചുമീശവേണം-

ആനകൊടുക്കിലും ആശകൊടുക്കരുതു-

അജി സി ഏയ്ഞ്ചൽ (അദ്ധ്യാപകൻ)

# ചിത്രങ്ങൾ


REDMI NOTE 5 PRO
MI DUAL CAMERA


Prinil
REDMI NOTE 5 PRO
MI DUAL CAMERA


REDMI NOTE 5 PRO
MI DUAL CAMERA


Prinil:P
IX:D
REDMI NOTE 5 PRO
MI DUAL CAMERA


REDMI NOTE 5 PRO


REDMI NOTE 5 PRO
MI DUAL CAMERA

## നന്ദിയോടെ ......

ഒരു വേള അസാധ്യമെന്നു കരുതിയത് പൂർത്തിയാക്കാൻ അനുഗ്രഹ വര്ഷം ചൊരിഞ്ഞ ദൈവത്തിനു നന്ദി .ഡിജിറ്റൽ മാഗസിൻ എന്ന ആശയം അവതരിപ്പിച്ച കൈറ്റ്സ് അധികാരികൾക്കും എല്ലായപ്പോഴും പ്രോത്സാഹിപ്പിച്ച ഹെഡ്മാസ്റ്റർ,ശ്രീമാൻ ബേസിൽ നെറ്റാർ നും,എല്ലാ അദ്ധ്യാപകർക്കും സഹപാഠികൾക്കും നന്ദിയുടെ ഓർമ്മ പൂക്കളുമായി

സെന്റ് ജോൺസ് ലിറ്റിൽ കൈറ്റ്സ്